# ജാമക്കാരൻ
# JAMAKKARAN

ജാ മ ക്കാ ര ൻ
JAMAKKARAN

VOLUME - 8 Reg NO.TNBIL/2016/70171 ISSUE - 7
JULY - 2024 TAMIL & MALAYALAM
ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=

(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21)
പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).
ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1കൊരി:2:15)
(ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല - ത്തോലിക്ക വേദപുസ്തകം).

0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com
Mob.: No. 9894261333

കർത്താവിൻ പ്രിയരെ,



ഈ മാസ ചിന്താവിഷയമായി വികാരങ്ങളെക്കുറിച്ച് എഴുതിയിരിക്കുന്നതു വായിക്കുവിൻ. മനുഷ്യനെ ദൈവം ഉാക്കുമ്പോൾ തന്നെ ഈ വികാരത്തേയും ലൈംഗീക ഉണർവ്വുകളെയും ഉാക്കി. ചിലപ്പോൾ നാം ചിന്തിക്കാം കർത്താവേ ഈ വികാരം ഉള്ളതുകൊല്ലേ ഞാൻ വീും വീും പാപം ചെയ്യുന്നത്. ഇതേമാതിരി കരച്ചിൽ പൗലോസിന്റെ ജീവിതത്തിലും ഉായി റോമ. 7:17–24 വരെ വായിച്ചാൽ ഞാൻ ചെയ്യാൻ ഇഷ്ടപ്പെടാത്ത കാര്യത്തെ ഞാൻ വീും വീും ചെയ്യാൻ ആഗ്രഹിക്കുന്നു. കുറ്റക്കാരൻ ഞാനല്ല ഈ ജഡം തന്നെ എന്നു ദൈവം ഉാക്കിയ ജഡത്തെയും ജഡത്തിൽ വച്ച ലൈഗീക വിചാരങ്ങളേയും കുറ്റം പറയുന്നു. ഇതിൽ നിന്നും എനിക്കു വിടുതൽ കിട്ടിയിട്ടില്ല എന്നു 24–ാം വാക്യത്തിനു പൊട്ടിക്കരയുന്നു. എത്ര വല്യ

ദൈവഭക്തൻ തന്റെ രഹസ്യബലഹീനത്തെ എഴുതുന്നു. ചിലപ്പോൾ നാം വിചാരിക്കും എത്ര വലീയ ഭക്തൻ ഇങ്ങനെയാണെങ്കിൽ ഞാനും പാപം ചെയ്യാമല്ലോ പക്ഷെ അവൻ 8–ാം അദ്ധ്യായം 4, 6 വചനങ്ങളിൽ എഴുതുമ്പോൾ ഇങ്ങനെ എഴുതുന്നു. ആത്മാവിൽ ചിന്ത നിത്യജീവൻ ജഡത്തിന്റെ ചിന്ത മരണം. ഓരോരോ ദിവസവും ഏതു ചിന്തയിൽ രാവിലെ എണീക്കുന്നു. അതേ ചിന്തയാണ് പകൽ സമയത്തിൽ നിങ്ങളുടെ എല്ലാ പ്രവർത്തികളിലും കാണുന്നത്. അതുകൊ് സങ്കീർത്തനക്കാരൻ ദൈത്തോടു പ്രാർത്ഥിക്കുന്നു കർത്താവേ എന്റെ ഹൃദയത്തിനു ഒരു കാവൽ വെയ് എന്റെ അധരങ്ങൾക്കു ഒരു കാവൽ വെയ് എന്റെ കണ്ണക്കു ആഭാസത്തെ കാണാൻ ആഗ്രഹിക്കുന്നു. അതിനു ഒരു കാവൽ തരണം പൗലോസിനു ജയം കിട്ടിയതുപോലെ നമുക്കു ജയം കിട്ടും ഫിലി. 4:9–ാം വചനങ്ങളിൽ താഴ്ചയിൽ ഇരിക്കാനും ഞാൻ പഠിച്ചിട്ടു് വിശന്നിരിക്കാനും പഠിച്ചിട്ടു്. സമ്പൂർണ്ണനായിരിക്കാനും പഠിച്ചിട്ടു്. ഇതെങ്ങനെ സാധിക്കുന്നു പൗലോസെ എന്നു ചോദിച്ചാൽ അവൻ ഇങ്ങനെ മറുപടി പറയും. എന്നെ ബലപ്പെടുത്തുന്ന ക്രിസ്തുവാൽ സാധിക്കും. ക്രിസ്തുവെ നാം ഹൃദയത്തിന്റെ ഉള്ളിൽ കൊുവരണം. ക്രിസ്തുവും നമ്മുടെ ഉള്ളിൽ പാർക്കാൻ തന്നെ ഇമ്മാനുവേൽ എന്നു പേർ വച്ചു. നമ്മുടെ ഹൃദയത്തിൽ ദൈവം മുട്ടിക്കൊിരിക്കുന്നു. നാം വാതിൽ തുറന്നാൽ അവൻ ഉള്ളിൽ വന്നു എല്ലാ നിമിഷവും എല്ലാ ദിവസവും വിശുദ്ധമായി ജീവിക്കാൻ സഹായിക്കും.

ദൈവം നിങ്ങളെ അനുഗ്രഹിക്കുമാറാകട്ടെ.

**ഡോ. പുഷ്പരാജ്**

♦ നിങ്ങൾ അയച്ച വഴിപാടുകളെല്ലാം കിട്ടി ഒരു പൈസാ പോലും നഷ്ടമാക്കാതെ ദൈവവേലക്കായി ചിലവാക്കി.

♦ എന്റെ ലാന്റ് ഫോണിൽ എന്നെ വിളിക്കരുത്. ഞാൻ സ്ഥലത്തു ആഫീസിൽ ഇരുന്നാൽ മാത്രമേ ലാന്റ് ഫോണിൽ സംസാരിക്കും. അതുകൊു താഴെ പറയുന്ന നമ്പറിൽ വിളിച്ചാൽ എന്നെ കിട്ടിയില്ലെങ്കിലും മിസ്ഡ് കാൾ നോക്കി നിങ്ങളെ വിളിക്കും.

**9894261333**

തുടർന്നു നിങ്ങൾക്കെല്ലാവർക്കുംവേി ഞാൻ പ്രാർത്ഥിക്കും.

# മാനുഷിക വികാരങ്ങളെ അടക്കിഭരിക്കുന്നതെങ്ങനെ

Rev. Hentry Joseph



മനുഷ്യന്റെ അനുദിനമുള്ള നടപടികളിൽ ആത്മാവിന്റെ മൂന്നു ഭാഗങ്ങളായ ചിന്ത, അറിവ്, പ്രവർത്തി ഇവയിൽ മദ്ധ്യഭാഗത്തുള്ളതാണു വികാരഭാഗം എന്നു പറയപ്പെടുന്നതു. വികാരം തന്നെ ഇല്ലാതെ പ്രവർത്തിക്കുന്നവർ ജീവനില്ലാത്ത യന്ത്രങ്ങളായിരിക്കും. അതു പ്രവർത്തിക്കാൻ ഒരു ഉദ്ദേശ്യം ഉായിരിക്കും, അതിനു ചിന്തിക്കാനുള്ള കഴിവുായിരിക്കയില്ല, വികാരം ഇല്ലാതെ ജോലി ചെയ്യുമ്പോൾപോലും അതിന്റെ പ്രവർത്തനത്താൽ ഉാകുന്ന ഫലം നാം അനുഭവി ക്കാനുള്ള തായിരിക്കും. എന്നാൽ മനുഷ്യൻ ചിന്തിക്കാൻ കഴിവുള്ളവനായി വികാരത്താൽ തള്ളപ്പെടുന്ന ഉത്സാഹത്തോടും തന്റെ പൂർണ്ണ വികാരത്തോടും പൂർണ്ണ മനുഷ്യനായി തന്റെ പ്രവർത്തിയിൽ ഫലം അനുഭവിക്കുന്നു.

അതുകൊു ഈ വികാര അംശം വളരെ മുഖ്യമായ ഒന്നാകുന്നു. അതുരു വിധമായവ. അതായതു നല്ലതും ചീത്തയായതുമായ വികാരങ്ങൾ എന്നവയാകുന്നു. ദൈവത്തിന്റെ ഭാഗത്തും ദൈവവചന ജ്ഞാനത്തോടും അതിനെ മനസ്സിൽ പതിപ്പിച്ചു വചനത്തെ തന്നെ ധ്യാനിച്ചു അതിനെ പ്രവർത്തിപ്പിക്കുന്ന സമയം അവന്റെ പ്രവർത്ത നങ്ങൾ എല്ലാം ദൈവീകസ്വഭാവത്തിന്റെ പ്രതിഫലനമായിത്തീരും. എന്നാൽ ഒരുവൻ തന്റെ ഉള്ളിൽ ഉാകുന്ന ചീത്തയായതും അശുദ്ധമായതുമായ വികാരങ്ങളാൽ പ്രേരിത നാകുമ്പോൾ അവൻ തന്റെ സ്വന്ത ഇച്ഛകളെ നിറവേറ്റുന്ന ഒരു സ്വാർത്ഥനായും

മറ്റുളളവർക്കു അപായം ഉാക്കുന്ന അപകട കാരിയായും സമുദായത്തിനുതന്നെ നന്മയല്ല തിന്മയെകൊു വരുന്നവനായും തീരുന്നു. മനുഷ്യൻ ഇതു ഏതു വിധത്തിൽ പ്രയോജന പ്പെടുത്തണമെന്നുള്ള കഴിവു അവനിൽ തന്നെ ഇല്ല. ഇവനു പുറത്തുള്ള ഇവനെക്കാൾ ഉന്നതമായ ശക്തി അവനിൽ വന്നുചേരണം. അപ്പോസ്തലനായ വി. പൗലൊസ് ഈ തന്റെ പ്രതിസന്ധി നിലയെ വളരെ മനോഹരമായി പറഞ്ഞിരിക്കുന്നു. നന്മ ചെയ്യു വാനുള്ള താല്പര്യം (ആവേശം) എനിക്കു്. പ്രവർത്തിക്കുന്നതോ ഇല്ല. ഞാൻ ചെയ്യാൻ ഇച്ഛിക്കുന്ന (വികാരത്താൽ പ്രേരിതമായ) നന്മ ചെയ്യുന്നില്ലല്ലോ. ഇച്ഛിക്കാത്ത (വെറുക്കുന്ന വികാരം) തിന്മയത്രേ പ്രവർത്തിക്കുന്നതു(റോമ. 7:18, 19) എന്നു പറഞ്ഞിരിക്കുന്നു. അതുകൊ് നമ്മുടെ വികാരങ്ങൾ നിയന്ത്രിച്ചു ശരിയായ രീതിയിൽ ആയിത്തീരാൻ മറ്റൊരു ഉന്നതമായ ശക്തി നമുക്കു ആവശ്യമായിരിക്കുന്നു.

ഈ സാഹചര്യത്തിൽ വളരെ പ്രധാനമായ ഒരു കാര്യത്തെ ഞാൻ ചൂിക്കാണിക്കേിയിരിക്കുന്നു. അതായതു ഒരുവൻ ഏതു വിധത്തിൽ ചിന്തിക്കുന്നുവോ അതിനേറ്റവണ്ണമായിരിക്കും അവന്റെ വികാരങ്ങളും . അവൻ ഏതുവിധത്തിൽ വികാരമുള്ളവനായിതീരുന്നുവോ അതനുസരിച്ചായിരിക്കും അവന്റെ പ്രവർത്തികളും. വേറെ യാതൊരു ക്രമീകരണവുമില്ലാതെ ഈ ഒരേ ചിട്ടയിൽ മാത്രമേ മനുഷ്യന്റെ ആളത്വം (ആത്മാവിന്റെ പ്രവർത്തനം Activity of the Soul), നാം ഉണർന്നാലും ഉണരാതിരുന്നാലും, നിരന്തരമായി നടന്നുകൊു തന്നെയിരിക്കും. ഇതിൽ നിന്നും ഒന്നു നാം അറിയണം. നാം നേരിട്ടു വികാരമണ്ഡലത്തെ തിരുത്തിയെടുക്കാൻ പരിശ്രമിക്കുന്നത് നടക്കുന്ന കാര്യമല്ല. വികാരം എന്നു പറയുന്നതുതന്നെ ചിന്തയിൽനിന്നു വരുന്ന ഒന്നാകുന്നു. അതുകൊ് വികാരത്തെ നിയന്ത്രണ വിധേയമാക്കാൻ ആദ്യമായി നാം നമ്മുടെ ചിന്തകളെ ശ്രദ്ധിച്ചു കഴിയുന്നതെല്ലാം ചെയ്തണം. ഒരു വ്യക്തി തന്റെ ചിന്തകളെ നിയന്ത്രിക്കുമെങ്കിൽ അവന്റെ വികാരങ്ങളും പ്രവർത്തികളും തനിയെ തന്നെ ശരിയായ വിധത്തിൽ പ്രവർത്തിക്കാൻ തുടങ്ങും.

മനുഷ്യമനസിൽ ഉാകുന്ന ചിന്തകൾ മൂന്നു വിഭാഗത്തിൽ പെടും എന്നു വേദപണ്ഡിതർ പറയുന്നു.

**1. പിശാചു ഹൃദയത്തിൽ ഇടുന്ന ചിന്തകൾ:**

മനുഷ്യചരിത്രത്തിന്റെ ആരംഭത്തിൽ തന്നെ ഈ വിപത്തുായതു നമുക്കു

കാണാം. തോട്ടത്തിലെ യാതൊരു വൃക്ഷത്തിന്റെ ഫലവും നിങ്ങൾ തിന്നരുതെന്ന് ദൈവം വാസ്തവമായി കൽപിച്ചിട്ടുോ എന്നു ഹൗവ്വയെ നോക്കി സർപ്പം ചോദിച്ച ചോദ്യ ത്താൽ ഒരു കള്ളത്തരമായതും ദൈവത്തിനു വിരോധമായതുമായതും ദൈവത്തെ സംശയിക്കത്തകതുമായ ദൈവത്തിന്റെ സ്നേഹത്തെ ചോദ്യം ചെയ്യത്തക്കതുംമായ ഒരു ചീത്ത ചിന്തയെ അവളുടെ ചിന്തയിൽ കൊുവന്നു. ഇതാണു സാത്താൻ നമ്മുടെ ചിന്തയിൽ കൊുവരുന്ന ചിന്തകൾ. ഇതു നാം കൈകാര്യം ചെയ്യുന്നതെങ്ങനെ? ഉദാഹരണമായി ഹൗവ്വയെതന്നെ എടുക്കാം. നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിന്റെ ഫലം തിന്നരുതെന്നു ദൈവം ഹൗവ്വയോടു പറഞ്ഞിട്ടേയില്ല (ഉല്പ. 2:17). ദൈവം ആദാമോടു സംസാരിച്ചപ്പോൾ ഹൗവ്വയെ സൃഷ്ടിച്ചിട്ടു പോലുമില്ല. ദൈവം അതിനെ ആദാമിനോടു പറഞ്ഞതായിട്ടാണു ഉല്പ. 2:16–ൽ പറയുന്നതു. പാപചിന്ത പിശാചിൽ നിന്നു നമ്മുടെ ചിന്തയ്ക്കുള്ളിൽ വരുന്നതു പാപമാകുന്നില്ല. എന്നാൽ വന്ന ചിന്തയെ ഉടനടിയായി തിരികെ പിശാചിന്റെ കയ്യിൽ തന്നെ കൊടുക്കുന്നതാണു ഈ പരീക്ഷയിൽ നിന്നു മാറുന്ന ഒരു പരിഹാരമാർഗ്ഗം. ഹൗവ്വ പിശാചിനെ നോക്കി നിന്റെ ചോദ്യത്തിനു ഉത്തരം എന്റെ കൈവശം ഇല്ല. ദൈവം ഈ കല്പന കൊടുത്തതു എന്റെ ഭർത്താവിന്റെ കയ്യിൽ ആയിരുന്നു. നീ അവനോടുതന്നെ ചോദിക്കുക എന്നുപറഞ്ഞിരുന്നെങ്കിൽ അതിന്റെ അവസാനം വേറെ വിധത്തി ലാകുമായിരുന്നു. അവൾ പിശാചു ഇട്ട ചിന്തയിൽ തന്നെ മുഴുകി അതു അവൾ സ്വീകരിച്ചു എന്നറിഞ്ഞ സർപ്പം നീ അതു ഭക്ഷിച്ചാൽ ദൈവത്തെ പോലാകും എന്നു പറഞ്ഞു. ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട തന്റെ ഭർത്താവായ ആദാമിൽ നിന്നു താൻ സൃഷ്ടിക്കപ്പെട്ടതിനെയും ദൈവസാദൃശ്യം ഇനിയല്ല താൻ സൃഷ്ടിക്കപ്പെട്ട അന്നു തന്നെ ദൈവസാ ദൃശ്യത്തിൽ താൻ ആയിരിക്കുന്നത് അറിയാതിരിക്കാനും അവളുടെ ഹൃദയത്തെ പിശാച് കുരുടാക്കി. ഇതിൽ മുഖ്യമായത് എന്താണെന്നു വച്ചാൽ ഏതോ ദൈവമക്കളായ ഇവർ തന്നെപ്പോലെ ആകാൻ പാടില്ല എന്നു ദൈവം തന്റെ സാദൃശ്യത്തെ തനിക്കുതന്നെ വെച്ചിരിക്കുന്നു എന്നുള്ള ദൈവത്തിന്റെ പേരിലുള്ള ഒരു വെറുപ്പുവികാരം അവളിൽ ഉായി. ഇതുതന്നെയായിരുന്നു പിശാചിന്റെ പദ്ധതിയും. എപ്പോൾ ഹൗവ്വയുടെ ചിന്തയും വികാരങ്ങളും ഐക്യപ്പെട്ടോ പീന്നിട് കൈനീട്ടി വിലക്കപ്പെട്ട പഴം

ഭക്ഷിക്കുന്നതിനു വളരെ വളരെ ലളിതമായ കാര്യമാക്കി. ഇതിൽ നിന്നും നാം പഠിക്കുന്നതെന്ത്? നമ്മുടെ വികാരങ്ങളെ നിയന്ത്രിക്കുന്നതിന് പരിശ്രമിക്കുന്നതിനു മുമ്പ് നമ്മുടെ ചിന്തകളെ നിന്ത്രിയന്തിക്കാൻ ശ്രദ്ധിച്ചിരിക്കണം എന്നതുതന്നെ.

സകലവിധ അനീതിയും, ദുഷ്ടതയും അത്യാഗ്രഹവും ദുർബുദ്ധിയും നിറഞ്ഞവർ; അസുയ, കുല, പിണക്കം, കപടം, ദുശ്ശീലം, കുരളക്കാർ, ഏഷണിക്കാർ, ദൈവദ്വേഷികൾ, നിഷ്ഠൂരർ, ഗർവ്വിഷ്ഠർ, ആത്മപ്രശംസക്കാർ, പുതദോഷം സങ്കൽപ്പിക്കുന്നവർ, മാതാപിതാക്കൻമാരെ അനുസരിക്കാത്തവർ, ബുദ്ധിഹീനർ, നിയമലംഘികൾ, വാത്സല്യമില്ലാത്തവർ, കനിവറ്റവർ, (റോമ. 1:29–31) തുടങ്ങിയ പിശാചിന്റെ ചിന്തകളെ മനുഷ്യന്റെ ചിന്തയിൽ  പ്രവേശിപ്പിച്ചു അവകളെ മനുഷ്യ ചിന്തകളായി മാറ്റി ദൈവത്തിനു വിരോധമായി പ്രവർത്തിക്കാൻ വെമ്പൽകൊള്ളുന്ന സാത്താൻ തന്റെ തെറ്റായ പദ്ധതികളെ മനുഷ്യൻ മുഖാന്തിരം നിറവേറ്റാൻ പരിശ്രമിക്കുന്നു. അവന്റെ ചിന്തയിലെ പട്ടികയിൽ ചിലതു മാത്രമാണു മുകളിൽ പറഞ്ഞ വചനങ്ങളിൽ കാണുന്നുള്ളു.

**2. നമ്മുടെ സ്വന്ത ചിന്തകൾ :**

നമ്മുടെ കുടുംബപശ്ചാത്തലം, അന്തസു തുടങ്ങിയവയെക്കുറിച്ചുള്ള നമ്മുടെ ചിന്തകളും ഭാവികാല ഉയർച്ചയെക്കുറിച്ചുള്ള പദ്ധതിയിടുന്ന ചിന്തകളും നമ്മെ സംബന്ധിക്കുന്ന ഇടപാടുകൾ അതിജീവിക്കാൻ പദ്ധതിയിടുന്ന ചിന്തകളും ദൈവത്തെ പ്രീതിപ്പെടുത്തുന്ന ചിന്തകൾ ഇങ്ങനെയുള്ള വിവിധതരത്തിൽ മനുഷ്യനിൽ കാണുന്ന ആരോഗ്യപരമായ ചിന്തകളാകുന്നു. ഈ ഉത്തമ കഴിവുകൾ ദൈവത്തിൽ നിന്നു മനുഷ്യൻ പ്രാപിച്ച മഹത്തായ ദാനമാകുന്നു. ഇത് ഇല്ലാതിരുന്നാൽ മനുഷ്യജീവിതം തന്നെ ലക്ഷ്യമില്ലാത്തതും വിലയില്ലാത്തതു മായിത്തീരും. ഇതിൽ ദൈവമക്കൾ വളരാനും മുന്നേറാനും ദൈവവചനം ഉത്സാഹപ്പെടുത്തുന്നു. അപ്പോസ്തലനായ വി. പൗലൊസ് ഫിലിപ്യ സഭാ വിശ്വാസികൾക്കു പലവിധ ആത്മീയ ഉപദേശങ്ങളെ തന്റെ ലേഖനത്തിൽ എഴുതി അവസാനിപ്പിക്കുന്നതിനുമുമ്പു അവൻ ഇപ്രകാരം എഴുതി. ഒടുവിൽ സഹോദരന്മാരേ, സത്യമായതു ഒക്കെയും ഘനമായതു ഒക്കെയും നീതിയായതു ഒക്കെയും നിർമ്മലമായതു ഒക്കെയും രമ്യമായതു ഒക്കെയും സൽഗുണമോ പുകഴ്ചയോ  അതു ഒക്കെയും ചിന്തിച്ചുകൊൾവിൻ. (ഫിലി. 4:8).

ഇംഗ്ലീഷിൽ Meditate (ധ്യാനിക്കുക) എന്ന പദം ഇതിന് പ്രയോഗിച്ചിരിക്കുന്നു. മൂലഭാഷയിൽ നിന്നു തർജ്ജിമ ചെയ്യുമ്പോൾ അയവിറക്കുക എന്നർത്ഥം വരും. അതുകൊ് വേദപുസ്തകത്തിൽ പറയപ്പെട്ടിട്ടുള്ള ആത്മീയമായ നല്ല ചിന്തകളെ നമ്മുടെ ഓർമയിൽ കൊുവന്നു അവയെ അയവിറക്കി ദഹിപ്പിച്ചു നമ്മുടെ ചിന്തകളുടെ ജീവിതത്തെ ഫലവും ബലവും പ്രാപിക്കാൻ പരിശ്രമിക്കുന്നതു ദൈവഹിതമാകുന്നു.

3. **ദൈവത്തിന്റെ ചിന്തകൾ;**

ഒരു ദൈവപൈതലിന്റെ ഏറ്റവും പ്രധാനപ്പെട്ട കടമ ദൈവം തന്നെക്കുറിച്ചു എന്തു ചിന്തിക്കുന്നു എന്തു പദ്ധതിയിട്ടിരിക്കുന്നു, എങ്ങനെ ആ പദ്ധതിയെ നിറവേറ്റും എന്നിവയെ അറിഞ്ഞുകൊള്ളുക എന്താകുന്നു. ഇവകളെല്ലാം വേദപുസ്തകത്തിൽ വ്യാപിച്ചു കിടക്കുകയാണെങ്കിലും അവകളെ തങ്ങളുടെയും തങ്ങളുടെ ജീവിതനിലയ്ക്ക് ഏറ്റവിധത്തിൽ തേടി കുപിടിച്ച് തന്നെക്കുറിച്ചുള്ള ദൈവത്തിന്റെ വ്യക്തമായ ചിന്തകളെ തന്റെ ചിന്തകളായി മാറ്റി ക്കൊള്ളുന്നതാകുന്നു. ആ സമയത്തിൽ ദൈവം ചിന്തിക്കുന്നതുപോലെ താനും ചിന്തിച്ചുകൊിരിക്കുന്നു. അവൻ തന്റെ മനസിൽ കണക്കുകൂ ടുന്നതു പോലെയാകുന്നു (സദൃ. 23:7) (ഒരു മനുഷ്യന്റെ ഹൃദയത്തിലെ ചിന്ത എങ്ങനെയോ അങ്ങനെ അവൻ ആയിരിക്കുന്നു-തമിഴ് വേദപുസ്തകം) എന്നു കാണുന്നു.

**ചിന്തകളും വികാരങ്ങളും.**

ഇപ്രകാരം മനുഷ്യൻ തന്റെ ചിന്തയിലുള്ള കാര്യങ്ങളെ ആരോഗ്യകരമായതും ദൈവചിന്തകൾക്കു യോജിച്ച രീതിയിൽ ക്രമപ്പെടുത്താൻ തുടങ്ങുമ്പോൾ അവന്റെ വികാരങ്ങൾ തനിയെ തന്നെ ആരോഗ്യകരമായതും ദൈവത്തിനേറ്റ വികാരങ്ങളായും മാറും. യഹോവ എനിക്കു ചെയ്ത സകല ഉപകാരങ്ങൾക്കും ഞാൻ അവന്നു എന്തു പകരം കൊടുക്കും (സങ്കീ. 116:12) എന്നു ദാവീദ് രാജാവു ചോദിക്കുന്നു. യഹോവ ചെയ്ത നന്മകളെ ദാവിദ് ഓർത്തു നോക്കുന്നു. അതിനു പകരമായി തനിക്കു എന്തോ ചെയ്യണമെന്നു ധൃതിപ്പെടുന്നു. ഭക്തനായ ഒരു വ്യക്തിയുടെ പാട്ടു ഓർമ്മയിൽ വരുന്നു.

കടൽ മണലിലും അധികമായതാണു

മഹിമയും മഹാമേന്മയേറിയതു
അവന്റെ നന്മ അവന്റെ നന്മ കടൽ
മണലിലും അധികമായതേ,
ദൈവം ചെയ്ത നന്മകളെ ഓർത്തുപോകുന്ന ഏതൊരു ദൈവപൈതലും അവന്റെ വികാരത്തിൽ ഒരു ബാധിപ്പു ഉാകുന്നതു ഉണരാതെയിരിക്കാൻ എല്ലാ ഉപകാരത്തേയും ഓർത്തശേഷം എന്തു പകരം ചെയ്യും എന്ന അളവിൽ വികാരം പൊങ്ങാൻ തന്നോടു ചോദ്യം ചോദിച്ചു പോകുന്നു. ഇപ്രകാരം ചിന്തകൾ വികാരങ്ങളെ ബാധിക്കുന്നു എന്നു കാണുന്നു.

**വികാരങ്ങൾ പ്രവർത്തി രൂപം ഉാകുന്നതു.**

എപ്പോഴാണോ നല്ല ചിന്തകൾ അതിനാൽ ഉന്തപ്പെട്ട വികാരങ്ങളോടൊപ്പം യോജിക്കുന്നുവോ അവകൾ രും ഒന്നു ചേർന്നു പ്രവർത്തിക്കുന്നതു തടുക്കാൻ സാധിക്കാത്ത ഒന്നായി തീരുന്നു. മുകളിൽ നാം ക വചനത്തിൽ ദാവീദിന്റെ ചിന്തയും വികാരവും ഒന്നായി ചേർന്നയുടനെ അടുത്ത വചനത്തിൽ (വചനം. 13, 14) ഞാൻ രക്ഷയുടെ പാനപാത്രം എടുത്തു യഹോവയുടെ നാമം വിളിച്ചപേക്ഷിക്കും. യഹോവയ്ക്കു ഞാൻ എന്റെ നേർച്ചകളെ അവന്റെ സകലജനവും കാൺകെ കഴിക്കും, എന്നു തന്റെ ചിന്ത വികാരങ്ങൾക്കു മറുപടി കൊടുക്കുന്നു, പ്രവർത്തിക്കാൻ തീരുമാനിക്കുന്നു.

ഇതുപോലെ നമ്മുടെ അനുദിനജീവിതത്തിൽ ഒരേ ദിവസം വിവിധ സന്ദർഭങ്ങളിൽ പലവിധ സാഹചര്യങ്ങളിൽ ആയിരമായിരം തവണ നമുക്കുള്ളിൽ ചിന്തകളും വികാരങ്ങളും പ്രവർത്തികളും തുടർന്നു നടന്നുകൊിരിക്കുന്നു. എന്നാൽ എത്ര തവണ വികാരങ്ങളെ നമ്മുടെ ചിന്തയുടെ ഫലത്താൽ ഭരിച്ചു ദൈവത്തെ പ്രിയപ്പെടുത്തുന്നു എന്നതാണു ചോദ്യം.

ഒരു മനുഷ്യൻ ഏതു ചിന്തിക്കുന്നുവോ അതിനേറ്റവിധത്തിൽ വികാരങ്ങൾ വെളിപ്പെടുത്തുന്നു. വികാരങ്ങൾ ഏതു ദിശനോക്കി തള്ളു ന്നുവോ അവന്റെ അവസാന പ്രവർത്തി അപ്രകാരം ആയിത്തീരുന്നു. **ജഡത്തെയല്ല ആത്മാവിനെ അത്രേ അനുസരിച്ചു നടക്കുന്ന നമ്മിൽ ന്യായപ്രമാണത്തിന്റെ നീതി നിവൃത്തിയാകേതിനു തന്നെ..... ജഡത്തിന്റെ ചിന്ത (മനസ്) മരണം, ആത്മാവിന്റെ ചിന്തയോ ജീവനും സമാധാനവും തന്നെ (റോമ. 8:4, 6).**

# സഭയ്ക്കു ആവശ്യമായ സന്ദേശം

"ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും. പാതാള ഗോപുരങ്ങൾ അതിനെ ജയിക്കയില്ല" മത്താ. 16:18.

യേശുക്രിസ്തു ഈ ലോകത്തിൽ വന്നു രക്തം ചിന്തി തന്റെ ജീവനെത്തന്നതു സഭയെ പണിയുവാനാണ്. പാപികൾ മാനസാ ന്തരപ്പെട്ടു സഭയാകുന്ന തന്റെ ശരീരത്തിന്റെ അംഗമായി അവന്റെ വരവിന്നായി ഒരുങ്ങുന്നതാണു തന്റെ ഹിതം. യേശു അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിച്ചും, രോഗികളെ സൗഖ്യമാക്കിയും, പിശാചിനെ പുറത്താക്കിയും, മരിച്ചവർക്കു ജീവൻ നൽകിയും, ദൈവത്തിന്റെ മഹത്വം ലോകത്തിനു വെളിപ്പെടുത്തി. എന്നാൽ തന്നെ വെളിപ്പെടുത്താനും സഭയെ പണിയാനുമത്രേ യേശുക്രിസ്തു ഈ ലോകത്തിലേയ്ക്കു വന്നത്. അതിനായി ശിഷ്യന്മാരെ തെരഞ്ഞെടുത്തു. അപ്പോസ്തലൻമാരെ നിയമിച്ചു. രക്തം ചിന്തി മരിച്ചുയർത്തെഴുന്നേറ്റു സ്വർഗ്ഗാരോഹണം ചെയ്തു. പരിശുദ്ധാത്മാവിനെ അയച്ചു സർവ്വ സൃഷ്ടികളോടും സുവിശേഷം അറിയിക്കാൻ കൽപിച്ചു. അവൻ ഇന്നും ഈ സഭയെ പണിയുന്നു.

സഭ എന്നാൽ എന്ത് ?

പുതിയ നിയമം ഗ്രീക്ക് ഭാഷയിൽ എഴുതപ്പെട്ടതാണ്. 'എക്ളീഷ്യാ' എന്ന ഗ്രീക്കു പദത്തിനു സഭ എന്നു തർജ്ജമ ചെയ്തിട്ട്. എക്ളീഷ്യാ എന്ന വാക്കിന്റെ അർത്ഥം 'വിളിക്കപ്പെട്ടവർ' എന്നാണ്. അതായത് 'വേർതിരിക്കപ്പെട്ടവർ; പാപത്തെ വിട്ടു പുറത്തു വന്നവർ' എന്നും പറയാം.

= അതുകൊു 'സഭ' എന്നതു ഒരു കെട്ടിടമല്ല.

= സഭ എന്നതു ഒരു പ്രത്യേക ക്രിസ്തീയ വിഭാഗവുമല്ല (Denomination)

= സഭ എന്നതു പാപത്തിൽ നിന്നു രക്ഷിക്കപ്പെട്ടവരുടെ കൂട്ടം

"കർത്താവ് രക്ഷിക്കപ്പെടുന്നവരെ ദിനംപ്രതി സഭയോടു ചേർത്തുകൊിരുന്നു" അപ്പോ. 2:47.

"സ്വർഗ്ഗത്തിൽ പേരെഴുതിയിരിക്കുന്ന ആദ്യജാതന്മാരുടെ സഭ" (എബ്രാ. 12:23).

വിശ്വാസികൾ എന്നാൽ ആർ?

ആദിമക്രിസ്ത്യാനികൾ സഭാ വിശ്വാസികൾ എന്നു വിളിക്കപ്പെടുന്നതിനു മുമ്പ് പത്രോസ് അവർക്കു നൽകിയ നിർദ്ദേശം (അപ്പോ. 2:37–40).

1. മാനസാന്തരപ്പെടുവിൻ
2. പാപമോചനത്തിനായി സ്നാനം ഏൽപിൻ
3. അപ്പോൾ പരിശുദ്ധാത്മാവിന്റെ ദാനം ലഭിക്കും.
4. ഈ വക്രതയുള്ള തലമുറയിൽ നിന്നു നിങ്ങളും രക്ഷപ്പെടുവിൻ. അവർ വചനത്തെ സന്തോഷത്തോടെ സ്വീകരിച്ചു മാനസാന്തരപ്പെട്ടു സ്നാനം ഏറ്റു സഭയോടു ചേർക്കപ്പെട്ടു.

## 'സ്ഥല സഭ'യുടെ പ്രാധാന്യം

'വീടെുക്കപ്പെട്ടവർ' ഒരുമിച്ചു കൂടി കർത്താവിനെ ആരാധിക്കുവാനും ആത്മീയജീവിതത്തിൽ വളരുവാനും കൂട്ടായ പ്രവർത്തനത്തോടുകൂടി അതതു പ്രദേശത്ത് സുവിശേഷം അറിയിക്കുവാനും 'സ്ഥലസഭകൾ' ഉാകേത് അത്യാവശ്യമാണ്. സ്ഥലസഭ ഒരു ആത്മീയ കൂട്ടായ്മയായിട്ടാണു പ്രവർത്തിക്കേത്. ആദ്യ നൂറ്റിൽ അപ്പൊസ്തലന്മാരും സഭാജനങ്ങളും സുവിശേഷം അറിയിച്ചു 'സഭ' സ്ഥാപിച്ചു.

സ്ഥല സഭകളെ പണിയുമ്പോൾ വ്യക്തമായ ഉദ്ദേശമില്ലാതെ സുവിശേഷ വേല ചെയ്കയോ, അല്ലെങ്കിൽ ഏതെങ്കിലും സാമൂഹിക പ്രവർത്തനത്തിൽ ഏർപ്പെടുകയോ ചെയ്താൽ അത് ദൈവേഷ്ടം നിറവേറ്റുന്ന കാര്യത്തിൽ തെറ്റിപ്പോയി.

സുവിശേഷം പ്രചരിപ്പിക്കുന്നതാണു ഞങ്ങളുടെ ജോലി, അല്ലാതെ സഭകൾ സ്ഥാപിക്കുന്നതല്ല ഞങ്ങളുടെ ജോലി എന്നു ചിലർ പറയാറ്. ഉദാഹരണമായി, മുട്ട ഇടുന്നതു ഞങ്ങളുടെ ജോലി, അട കിടക്കുന്നതും മുട്ട വിരിയിയ്ക്കുന്നതും ഞങ്ങളുടെ ജോലി അല്ല എന്നു കോഴികളൊക്കെ പറഞ്ഞാൽ എന്താകും.

മുട്ട ചീമുട്ടയാകും അല്ലെങ്കിൽ ഓംലെറ്റ് ആകും.

ഞാറു നടുന്നതാണ് ഞങ്ങളുടെ ജോലി, വെള്ളം വിടുന്നതും കള പറിയ്ക്കുന്നതും കൊയ്യുന്നതും ഞങ്ങളുടെ ജോലി അല്ലെന്ന് കൃഷിക്കാർ ശാഠ്യം പിടിച്ചാൽ വയലിന്റെ സ്ഥിതി എന്താകും. വയൽ ഒരു വനാന്തരമോ കളിസ്ഥലമോ ആയിത്തീരും. ദാരിദ്ര്യം വർദ്ധിക്കും.

പ്രസവിക്കുന്നത്ഞങ്ങളുടെ പണി; പാൽ കൊടുക്കുന്നതും പരിപാലിക്കുന്നതും ഞങ്ങളുടെ ജോലി അല്ല എന്നു അമ്മമാർ നിർബന്ധം പിടിച്ചാൽ ഗതി എന്താകും. ശിശുമരണം വർദ്ധിക്കും (നമ്മുടെ അമ്മമാർ ഈ സിദ്ധാന്തം മുറുകെ പിടിച്ചിരുന്നെങ്കിൽ നമ്മുടെ സ്ഥിതി എന്താകുമായിരുന്നു). അതുകൊ്സുവിശേഷം അറിയിക്കുന്നതിൽ മാത്രം സംതൃപ്തരാകാതെ സുവിശേഷ വേലയാൽ ലഭിച്ച ആത്മാക്കളെ ക്രിസ്തുവിൽ വളർത്തുവാൻ ഒരു സഭ ഉാക്കാൻ ശ്രമിക്കാം. അല്ലെങ്കിൽ അടുത്തുള്ള ആത്മീക സഭകളിൽ ആ ആത്മാക്കളെ ചേർക്കാം.

## സ്ഥലസഭകൾ ഉാകേത് ദൈവഹിതം, ദൈവീക ചിട്ടയും അതുതന്നെ.

നമ്മുടെ സുവിശേഷ വേലയും, സാമൂഹിക പ്രവർത്തനങ്ങളും ഈ ഉദ്ദേശ്യത്തോടെ ചെയ്യുവാൻ കർത്താവ്നമ്മെ സഹായിക്കട്ടെ.

'സഭ' എന്നതു ആത്മീയ കുടുംബം ആണ്. ചിലർക്ക് കുടുംബത്തിൽ അംഗമായിരിക്കാൻ താത്പര്യമില്ല. അവർ കുടുംബത്തേക്കാൾ ആകർഷണീയമായ മറ്റ് അനേക സ്ഥലങ്ങളെ തേടി പോകുന്നു. അവിടെയും ചില നല്ല കാര്യങ്ങൾ നടക്കുന്നതായി കാണുന്നു. അതിനാൽ അങ്ങനെയുള്ള സ്ഥലങ്ങളിൽ ചെന്നു, ചേരുവാൻ ആളുകൾ താല്പര്യം പ്രകടിപ്പിക്കുന്നു. ഒരു നാട്ടിൽ പല വീടുകൾ ഉ്. പല കടകളും ഹോട്ടലുകളും ഉ്. ചിലർ വീടിനേക്കാൾ ഇങ്ങനെയുള്ള സ്ഥലങ്ങൾ കൂടുതൽ ഇഷ്ടപ്പെടുന്നു. ഇത് മനസ്സിലാക്കിയ ചിലർ അവരുടെ ആഗ്രഹത്തിനനുസൃതമായി തങ്ങളുടെ വ്യാപാരത്തെ അഭിവൃദ്ധിപ്പെടുത്തുന്നു.

## സ്ഥലസഭ - ഒരു ആത്മീയ കുടുംബം

കുടുബം എന്നാൽ അതിനു ഒരു നാഥൻ ഉ്; ചിട്ട ഉ്; സ്നേഹം ഉ്; പരിപാലനം ഉ്; സംരക്ഷണം ഉ്; നിബന്ധന ഉ്; ഉത്തരവാദിത്വമു്; കടമയുമു് ; തെറ്റായ കാര്യങ്ങൾക്കു ശിക്ഷയും ഉ്. സ്ഥല സഭകളും ഇതുപോലെയാകുന്നു.

ക്രിസ്തുവിങ്കലേക്കു ജനങ്ങളെ വഴിനടത്തിയാൽ മാത്രം പോരാ, അവർ ആത്മീയ ജീവിതത്തിൽ വളരാനും ഉത്തരവാദിത്വമുള്ള അംഗമായി പ്രവർത്തിക്കാനും സ്ഥല സഭയിൽ അംഗമാകേതു അത്യാവശ്യമാണ്. ഇന്ത്യയിലുള്ള എല്ലാ പട്ടണങ്ങളിലും ധാരാളം സഭകൾ സ്ഥാപിക്കാനും ഗ്രാമങ്ങൾ തോറും സഭകൾ ഉാകുവാനും പ്രാർത്ഥിക്കാം.

നിങ്ങൾ ഒരു സ്ഥലം സഭയിൽ അംഗമാകുന്നതിനു മുൻപ് അറിഞ്ഞിരിക്കേ കാര്യങ്ങൾ.

1. ഈ സഭയിലെ അടിസ്ഥാന ഉപദേശങ്ങൾ വചന പ്രകാരമുള്ളതാണോ?
2. ഞാൻ ആത്മീയ ജീവിതത്തിൽ വളരുവാൻ അനുയോജ്യമായ ആരാധനയും ഉപദേശവും ഉള്ള സഭയാണോ?
3. സഭാദ്ധ്യക്ഷൻ (ഇടയൻ) ഒരു നല്ല ആത്മീക പിതാവാണോ?
4. എനിയ്ക്കുള്ള താലന്തുകൾ, വരങ്ങൾ ഇവ പ്രയോജനപ്പെടുത്തുവാൻ ഈ സഭയിൽ അവസരം ഉോ?
5. സഭയിലെ വരുമാനം പല ദൈവവേലകൾക്കും മിഷണറി പ്രവർത്തനങ്ങൾക്കുമായി ശരിയായ രീതിയിൽ വിഭാഗിച്ചു, കൊടുക്കുന്നുവോ? ചിട്ടയായ ഭരണക്രമമുള്ള സഭയാണോ?
6. ഈ സഭ ഒരു വ്യക്തിയുടെ മേൽ പണിയാതെ ക്രിസ്തുവിൻ മേൽ പണിയുന്നു. സഭയുടെ സ്വത്ത് ഒരു വ്യക്തിയുടെ പേരിലല്ല ആ സ്ഥാപനത്തിന്റെ പേരിലത്രേ ഇരിയ്ക്കേ ത്.
7. ഈ സഭയിലെ വിശ്വാസികളോ, ഉപദേഷ്ടാക്കന്മാരോ തെറ്റു ചെയ്താൽ അവരെ ചോദ്യം ചെയ്യാൻ അധികാരപ്പെട്ടവർ ഉോ?
8. ഏതു സംസ്കാരത്തിലും പ്രവർത്തിക്കുന്ന അന്തർദേശീയ ദർശനമുള്ള സഭയാണോയെന്നു, തീർച്ചപ്പെടുത്തുക.
9. ഞങ്ങൾ മാത്രം പരിശുദ്ധവാന്മാർ എന്നോ തങ്ങളുടെ സഭയിൽ വന്നാൽ മാത്രമേ സ്വർഗ്ഗം പ്രാപിക്കുകയുള്ളൂ എന്നു പറയുന്നവരാണോ? ഏതു സഭയിലും ഉള്ള വിശുദ്ധന്മാരെ ബഹുമാനിക്കുന്നതിൽ വചന തെളിവുള്ള സഭയാണോ.
10. ഈ ഇടയൻ പോയാലും സഭ തുടർന്നും പ്രവർത്തി ക്കുന്നതിന് പറ്റിയ ചിട്ടയായ സ്ഥാപനക്രമീകരണങ്ങൾ ഈ സഭയിലുോയെന്നതും പ്രാധാന്യമർഹിക്കുന്നു.



**ആത്മീകസഭയിൽ അംഗമാകേതിൻെറ ആവശ്യം എന്ത്?**

'എന്തുകൊ് നിങ്ങൾ ഒരു കുടുംബത്തിൽ അംഗമായിരിക്കണം'? എന്നു ചോദിച്ചാൽ മറുപടി പറയാൻ പ്രയാസമുാേ? ഭിക്ഷക്കാരനായോ പരദേശിയായോ ഇരിയ്ക്കാം. നിങ്ങൾക്ക് അങ്ങനെയും കഴിയാം. അഥവാ ഒരു നല്ല സംരക്ഷണയുള്ള കുടുംബത്തിന്റെ ഉത്തരവാദിത്വമുള്ള ഒരംഗമായിത്തീരാം. ഒരു നല്ല മനുഷ്യൻ ഉത്തരവാദിത്വമുള്ള ഒരു കുടുംബത്തിലെ അംഗമായിരിക്കും എന്നു നിങ്ങളുടെ സ്വഭാവം തന്നെ നിങ്ങളെ പഠിപ്പിക്കുന്നില്ലേ.

## 1. സഭയിൽ അംഗമായാലേ സ്വർഗരാജ്യത്തിനവകാശി യാവൂകയുള്ളു എന്നുേ ാ?

ഇല്ല, ഇല്ല, നിങ്ങൾ ശരിയായ ക്രിസ്തീയ ജീവിതം നയിക്കുന്നില്ലെങ്കിൽ ഏതു, സഭയിലെ അംഗമായിരുന്നാലും സ്വർഗ്ഗരാജ്യത്തിൽ കടക്കുക അസാദ്ധ്യമാണ്. സ്വർഗ്ഗരാജ്യത്തിൽ പോകുന്നതിന് സഭയിൽ ചേരുകയെന്നതല്ല, മറിച്ച് രക്ഷിക്കപ്പെട്ട് മരിയ്ക്കുന്ന ഒരു വ്യക്തിക്കേ സ്വർഗ്ഗത്തിൽ കടക്കാനാവൂ. എന്നാൽ ഉത്തരവാദിത്വമുള്ള ക്രിസ്ത്യാനിയായി വളരുവാൻ സഭ ആവശ്യമാണ്. ഈ ലോകത്തിലുള്ള ഒരു സഭയ്ക്കും ഒരു, വ്യക്തിയെയും സ്വർഗ്ഗത്തിൽ കൊുപോകുവാൻ ഉള്ള ഉത്തരവാദിത്വം ഏറ്റെടുക്കാൻ സാധ്യമല്ല. യേശു ക്രിസ്തു മാത്രമേ ആ ഉറപ്പ് നമുക്കു നൽകുന്നുള്ളൂ.

## 2. ഞാൻ ആത്മീക കൂട്ടായ്മകളിൽ സംബന്ധിച്ചാൽ പോരേ? സഭയുടെ അംഗത്വം ആവശ്യമാണോ?

ഏതു വീട്ടിലും വല്ലപ്പോഴും വിരുന്നിന് പോകുന്നത് തെറ്റല്ല. എന്നാൽ ജീവിതകാലം മുഴുവൻ വിരുന്നുകാരനായിരിയ്ക്കാം. ചോറുമാത്രം തന്നാൽമതി എന്നു പറഞ്ഞാൽ എങ്ങനെ? വിരുന്നു ഭിക്ഷയായി മാറും.

## 3. സഭയിലെ അംഗത്വം അടിമത്വമോ

ഇങ്ങനെയും ചിലർ ചിന്തിക്കുന്നു. നിങ്ങളെ അടിമയെപ്പോലെ നടത്തുന്ന സഭയിൽ അംഗമാകരുത്. സ്നേഹമുള്ള സഹോദരീ സഹോദരന്മാരെപ്പോലെ നടത്തുന്ന ഒരു ആത്മീയ കുടുംബത്തിൽ (സഭയിൽ) അംഗമായി വീട്ടിൽ കഴിഞ്ഞാൽ അടിമത്വമായതു കൊ് ഹോട്ടലിൽ താമസിക്കട്ടെ എന്ന അർത്ഥത്തിൽ ധാരാളം പേർ ഹോസ്റ്റൽ ജീവിതം ഇഷ്ടപ്പെടുന്നു. ഹോസ്റ്റലിനെക്കാൾ വീട് എത്രയോ മെച്ചം.

നുകം കഴുത്തിലിരിക്കുന്നത് കാളയ്ക്കു, പ്രയാസമെങ്കിലും ഈ നുകം ലഘുവായും മൃദുവായും ഇരിക്കും (മത്താ: 11:29–30). കുതിരയെ രഥത്തിൽ പൂട്ടുമ്പോൾ സ്വാതന്ത്ര്യം നഷ്ടപ്പെട്ടതുപോലെ തോന്നും. രാജാവിന്റെ രഥത്തിൽ പൂട്ടിയ കുതിരയ്ക്ക്ഭംഗിയായി ചിട്ടയായി നടക്കുവാൻ പരിശീലനം ലഭിക്കുന്നു, കാട്ടു കഴുതയ്ക്ക് ആ ഭാഗ്യം കിട്ടുകയില്ല. വിവാഹ ജീവിതം ജയിൽ ജീവിതം പോലെ തോന്നിയാലും ഇതിൽ ഉള്ള സുഖം ഏകസ്ഥർക്ക്ഇല്ലല്ലോ.

## 4. ഒരു സഭയിൽ അംഗമായിരുന്നുകൊ് മറ്റൊരു ആത്മീയ കൂട്ടായ്മയിൽ ആരാധനയ്ക്കു പോവുന്നത് തെറ്റോ?

താമസിക്കുന്നത് ഒരു വീട്ടിൽ. ആഹാരം കഴിക്കുന്നത് മറ്റൊരു വീട്ടിൽ. ഇതു ശരിയോ. ഇവിടെ ഇരുകൂട്ടരോടും വിശ്വസ്തത പുലർത്താൻ സാദ്ധ്യമല്ല. ഇരട്ട വേഷം നിങ്ങൾക്ക് ഇഷ്ടമെങ്കിൽ ഇട്ടുകൊള്ളുക. എന്നാൽ വീട്ടിൽ ആഹാരം ഇല്ലാത്തവർ ആഹാരം ഉള്ള സ്ഥലം തേടി പോകുന്നതിൽ തെറ്റില്ല. നിങ്ങൾ ആഹാരം ഇല്ലാത്ത വീട്ടിലാണോ ജീവിക്കുന്നത് ?

## 5. ഒരു സഭയിൽ അംഗമായാൽ ചില പ്രശ്നങ്ങളിൽ നിന്ന് വിടുതൽ പ്രാപിക്കും

അവിവാഹിതയായ പെൺകുട്ടിക്ക് പലരും വിവാഹാലോചനയു മായി വന്നുകൊിരിക്കും. വിവാഹിതയായാൽ പിന്നെ വിവാഹാലോചനകൾ വരുന്നില്ല. ഇതുപോലെ ഒരു സഭയിലും നിങ്ങൾ അംഗമായിട്ടില്ലെങ്കിൽ മറ്റു സഭക്കാർ അല്ലെങ്കിൽ . ഇടയന്മാർ നിങ്ങളെ സന്ദർശിച്ചെന്നിരിക്കും. അവരുടെ സഭയിലേക്ക് ക്ഷണിക്കും. ഏതെങ്കിലും ഒരു സഭയിൽ അംഗമായാൽ പിന്നെ നിങ്ങളെ ആരും ശല്യപ്പടുത്തുകയില്ല.

## 6. സഭാംഗത്വം സംരക്ഷണം നൽകുന്നു

ഒരു സഭയിലെ അംഗമായാൽ ആ സഭയിലെ ഇടയന് നിങ്ങളെക്കുറിച്ച് ഉത്തരവാദിത്വമു്. അദ്ദേഹം നിങ്ങളുടെ ആത്മീയ പിതാവാകുന്നു. സ്നാനം എടുക്കാൻ സഹായിക്കുന്നു. കർത്തൃമേശയിൽ സംബന്ധിക്കുന്നതിനു അവകാശം ലഭിക്കുന്നു. വിവാഹം, കുട്ടികളുടെ പ്രതിഷ്ഠ, ശവസംസ്കാരം തുടങ്ങിയ കാര്യങ്ങളുടെ മേൽ ഉത്തരവാദിത്വം ലഭിക്കുന്നു. രോഗം, ദുഃഖം, പ്രശ്നങ്ങൾ എന്നിവയുാകുമ്പോൾ

അവകാശത്തോടെ നിങ്ങളെ സഹായിക്കാനും ആശ്വാസം പകരുന്നതിനും ആളുകൾ ഉായിരിക്കും.

**7. സഭാംഗത്വം മൂലം ഐക്യം ലഭിക്കുന്നു.**

നിങ്ങൾ വിശ്വാസിയായതിനു ശേഷം മറ്റു ബന്ധങ്ങൾ നിങ്ങളെ വിട്ടുമാറുന്നതായി അനുഭവപ്പെടുന്നു. ഒറ്റക്കായതുപോലെയുള്ള അവസ്ഥയുാകും. നിങ്ങൾ ആത്മീയ കുടുംബം എന്ന സഭയിൽ അഗംമാകുമ്പോൾ നിങ്ങളെ സ്നേഹിക്കുന്ന ആത്മീയ സഹോദരീ സഹോദരന്മാരോട് ഐക്യപ്പെടുവാൻ അവസരം ലഭിക്കുന്നു. You will have the sense of belonging. ഞാൻ തനിച്ചല്ല, ഈ സഭയിൽ ഉൾപ്പെട്ട ആളാണെന്ന ബോധ്യമുാകുന്നു.

**8. ഒരു സഭയും ശരിയല്ല. അതിനാൽ ഒരു സഭയിലും അംഗത്വം വഹിക്കാൻ ഇഷ്ടമില്ല.**

ഇങ്ങനെയും ചിലർ പറയുന്നു്. കുറവുകളില്ലാത്ത സഭ ലോകത്തിലില്ല. നിങ്ങൾ എങ്ങിനെയുള്ളവർ? നിങ്ങളും കുറവുള്ളവരാണല്ലോ? വചന പ്രകാരം ജീവിയ്ക്കാൻ പരിശ്രമിക്കുന്ന സഭ എന്ന് ഏതിനെക്കുറിച്ച് അറിയുന്നുവോ അതിൽ അംഗമാകാമല്ലോ. കുറവില്ലാത്ത സഭയെ അന്വേഷിച്ചുകൊിരുന്ന സ്നേഹിതനെ നോക്കി മറ്റെയാൾ "കുറവില്ലാത്ത സഭയെ കുപിടിച്ചെങ്കിൽ നീ അവിടെ ചെന്ന് അതിനെ നശിപ്പിക്കേ. എല്ലാറ്റിനും കുറവു കു പിടിക്കുന്ന നിങ്ങൾ ആ സഭയിൽ ഇല്ലാത്തതിനാൽ അത് ശരിയായിരിക്കുന്നു" എന്ന് ശാസിച്ചു.

**9. ഞാൻ എല്ലാ സഭകളെയും ബഹുമാനിക്കുന്നവൻ. അതിനാൽ എല്ലാ സഭയോടും ഐക്യമായിരിക്കാൻ ആഗ്രഹിക്കുന്നു. ഒരു സഭയിലും ചേരാതെ സ്വതന്ത്രമായി ഇരുന്നാൽ മാത്രമേ ഇതു സാദ്ധ്യമാവുകയയള്ളൂ. ഇത് ശരിയോ?**

നാം നമ്മുടെ നാട്ടിലുള്ളവരോട് സ്നേഹത്തോടും ഐക്യത്തോടും ജീവിപ്പാൻ വീടോ കുടുംബമോ വേ, നാം ഒരു കുടുംബത്തിലെ അംഗമായിരുന്നാൽ മറ്റുള്ളവരോട് സ്നേഹത്തോടെ പെരുമാറാൻ എന്തു തടസ്സം? ഒരു കുടുംബത്തിലും ചേരാത്തവനെ നാട്ടുകാർ വല്ലാത്ത സംശയത്തോടെ നോക്കും എന്ന് മനസ്സിലാക്കണം. ഒരു സഭയിലും അംഗമാകാത്ത നാടോടികളെ ആരും ബഹുമാനിക്കില്ല.

# സ്ഥലം സഭ

സഭ എന്നാൽ എന്താണ്? സഭാ ജനങ്ങൾ എന്നു പറഞ്ഞാൽ ആരാണ്? സ്ഥലം സഭയുടെ പ്രാധാന്യം, എങ്ങിനെയുള്ള സഭയിൽ അംഗത്വം സ്വീകരിക്കണം എന്നെല്ലാം നാം കുകഴിഞ്ഞു. ഇവയെ മനസ്സിലാക്കി ഒരു ആത്മീയ കൂട്ടായ്മയിൽ അംഗമായ ശേഷം നിങ്ങൾ സ്വീകരിക്കേ ചില ക്രിസ്തീയ നിബന്ധനകൾ ഉ്. ഒരു കുടുംബത്തിൽ അംഗമായിരിക്കുന്നവർ പാലിക്കേ ധാർമ്മികമായ കടമകൾ പോലെ സഭയിൽ അംഗത്വമുള്ളവർ സ്വീകരിക്കേ സഭാ നിയമങ്ങളും ഉ്.

## 1. കടയിൽ സാധനം വാങ്ങാൻ വരുന്ന ആളുകളെപ്പോലെ അല്ലാതെ ഓഹരിക്കാരായിരിപ്പിൻ

ആദ്യമായി ഒരു നല്ല ആത്മീയ സഭയെ തിരഞ്ഞെടുത്ത്അതിൽ അംഗമാകണം. അതിനുശേഷം ആ സഭയോട്സത്യസന്ധവും വിശ്വസ്തതയും ഉത്തരവാദിത്വവുള്ള അംഗമായിരിക്കണം. അതായത് കൂടെക്കൂടെ വന്നു സാധനം വാങ്ങിപോകുന്നവരെപ്പോലെ (പറ്റുവരവുകാരൻ) (Customer) അല്ലാതെ നല്ല പങ്കാളിയായിരിക്കണം. (Not just a customer but a partner).

### 2. കഴിയുന്നിടത്തോളം എല്ലാ ആരാധനകളിലും പങ്കുകൊള്ളാൻ ശ്രമിക്കുക

നിങ്ങൾ അംഗത്വം വഹിക്കുന്ന സഭയിൽ എല്ലാ ആരാധനകളിലും പങ്കെടുക്കുവാൻ കഴിവതും ശ്രമിക്കുക. ഒഴിവാക്കാനാവാത്ത കാരണങ്ങളാൽ ചില ആരാധനകളിൽ പങ്കെടുക്കാൻ കഴിയാതെ വന്നേക്കാം. ഇത് പെട്ടെന്നുാകുന്ന ചുറ്റുപാടുകൾക്കനുസൃതമായിട്ട ല്ലാതെ സ്ഥിരമായ രീതിയായിരിക്കരുത്. വിശുദ്ധ ദിവസത്തെ ആരാധനയിൽ മാത്രം പങ്കെടുക്കുകയും മറ്റു കൂട്ടായ്മകളിൽ വർഷക്കണക്കിൽ സംബന്ധിക്കാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ നിങ്ങൾ ആ സഭയിലെ അംഗമല്ല, വെറും പറ്റുവരവുകാരൻ (customer) ആണ്; കാഴ്ചക്കാരാണ്. ഞായറാഴ്ച മാത്രം ആരാധനയ്ക്കു വരുന്ന ചില വിശ്വാസികളെ ഞാൻ കിട്ടു്. ഇവരിൽ ചിലർക്കു സഭയിൽ പ്രധാന ചുമതല കൊടുത്തിട്ടു് എങ്കിലും ഇവർ മറ്റ് ഒരു കൂട്ടായ്മകളിലും സംബന്ധിക്കുന്നില്ല. സഭയിലെ മറ്റ് ആത്മീയ കാര്യങ്ങൾക്കും പ്രാർത്ഥന കൂട്ടങ്ങൾക്കും കടന്നുവരാറില്ല. അതിനാൽ ഇത് സഭയിലെ ആത്മീയ കാര്യങ്ങളെ എത്രമാത്രം ബാധിക്കുന്നുവെന്നും എനിക്കറിയാം. മറ്റു സഭകൾ നടത്തുന്ന

പ്രത്യേക കൂട്ടായ്മകൾക്കു പോകുന്നത് തെറ്റല്ല. എങ്കിലും സ്ഥലം സഭയുടെ ആരാധനയെ അലക്ഷ്യമാക്കിക്കൊ് കൂടെക്കൂടെ ഇത്തരത്തിൽ പോകുന്നത് നമ്മുടെ സ്ഥിരതയില്ലാത്ത പ്രവൃത്തിയെ കാണിക്കുന്നു.

**3. ഇടയനോട്, സഭാജനങ്ങൾ ഐക്യതയുള്ളവരായിരിക്കണം**

സ്ഥലം സഭയിലെ ഇടയനും സഭാജനങ്ങളും അന്യോനം ഐകമത്യം ഉള്ളവരായിരിക്കണം. സഭാംഗമായിരുന്നിട്ട് ഇടയനും സഹവിശ്വാസികൾക്കും വിരോധമായി സംസാരിച്ചു നടക്കരുത്. ഇടയനെയും സഭാവിശ്വാസികളെയും ഇഷ്ടപ്പെടുന്നില്ലെങ്കിൽ നല്ലവണ്ണം പ്രാർത്ഥിച്ച് സ്വയപരിശോധന ചെയ്തു പീന്നിട് ആ സഭയെ വിട്ട് മറ്റൊരു ആത്മീയ സഭയിൽ ചേർന്ന് അവിടെ വിശ്വസ്തതയോടും ഐക്യതയോടും തുടരുക. എന്നാൽ നിങ്ങൾ കൂടെക്കൂടെ സഭ മാറുന്ന വ്യക്തിയാണെങ്കിൽ നിങ്ങൾക്ക് എന്തോ തകരാറുന്നെ് ഉണർന്ന്, ഉപവസിച്ചു, പ്രാർത്ഥിച്ചു, കർത്താവിൽ നിങ്ങളെ സമർപ്പിക്കുക. കുറവുകൾ ' ഇല്ലാത്ത സഭയോ, ഉപദേഷ്ടാക്കന്മാരോ ഇല്ല, എന്ന് നിങ്ങളെ ഓർമ്മപ്പെടുത്തുന്നു.

**4. സ്ഥലം സഭയുടെ വളർച്ചയ്ക്കു സഹായിക്കുവിൻ**

നിങ്ങൾക്കു, കിട്ടിയ താലന്തുകളും വരങ്ങളും സ്ഥലം സഭയുടെ വളർച്ചയ്ക്കു വേി പ്രയോജനപ്പെടുത്തണം. നിങ്ങൾ മുഖാന്തിരം ചില വരങ്ങൾ ക്രിയ ചെയ്താൽ അതു, കണക്കിലെടുത്തു പ്രത്യേക ദൈവവേല ആരംഭിക്കരുത്. വരങ്ങൾ ലഭിച്ചവർ എല്ലാവരും മുഴുവൻ സമയ വേലയ്ക്കു വിളിക്കപ്പെട്ടവരല്ല. ഇപ്രകാരമുള്ള വരങ്ങളിൽ കൂടി സ്ഥലം സഭയെ പണിയാൻ കർത്താവ് നിങ്ങൾക്കത് നൽകിയിരിക്കുന്നു. ഈ വരങ്ങളെക്കൊ് നിങ്ങളുടെ പക്ഷത്ത് ആൾക്കാരെ ചേർക്കാൻ ശ്രമിക്കരുത്.

**5. ദശാംശം സഭയ്ക്കു നൽകുവിൻ**

നിങ്ങളുടെ ദശാംശം സഭയ്ക്കു കൊടുക്കുന്നതാണ്ഉത്തമം. എന്നാൽ മുകളിൽ പറഞ്ഞതുപോലെ സഭയിൽ വരുന്ന പണം, കാണിക്കകൾക്കു ശരിയായ കണക്കുവച്ചു മറ്റു വേലകൾക്കും പ്രതേകിച്ച് മിഷനറി പ്രവർത്തനങ്ങൾക്കും ചെലവിടുന്നെങ്കിൽ ദശാംശം സഭയ്ക്കു നൽകുന്നത് ഏറെ നല്ലതുതന്നെ.

**6. പണത്തിനായിട്ട് വരുന്നവരെ പ്രോത്സാഹിപ്പിക്കരുത്**

നിങ്ങളും നിങ്ങളുടെ സ്ഥലം സഭ ഇടയനും തമ്മിൽ നല്ല ആത്മീയ

ബന്ധത്തിലിരുന്നാൽ മറ്റ് സഭ ഇടയന്മാർ കൂടെക്കൂടെ നിങ്ങളെ സന്ദർശിക്കുകയില്ല. പലവിധ ഉപദേശങ്ങൾ പഠിപ്പിയ്ക്കുന്നവരെ വീടുകളിൽ സ്വീകരിക്കുകയോ പ്രോത്സാഹിപ്പിക്കുകയോ അരുത്. അത് നിങ്ങളുടെ വിശ്വാസജീവിതത്തെ ബാധിക്കും. നിങ്ങളുടെ പണത്തിനു വേി നിങ്ങളെ അന്വേഷിച്ചു വരുന്ന വ്യക്തികൾ സത്യസന്ധതയുള്ള വേലക്കാർ അല്ല. എല്ലാവരോടും ഐക്യതയോടെ ഇരിക്കുന്നു എന്നു പറയുകയും ഒരു സഭയിലും വിശ്വസ്തത ഇല്ലാത്തവരുമായ പലരും നിങ്ങളെ തേടിവരും. സൂക്ഷിക്കണം.

### 7. സ്വതന്ത്ര ആത്മാവ് വേ (INDEPENDENT SPIRIT)

നിങ്ങൾ ദൈവവേല ചെയ്യാൻ ആഗ്രഹിച്ചാൽ സ്ഥലം സഭാ ഇടയന്റെ ആലോചനപ്രകാരം സഹകരിച്ചു പ്രവർത്തിക്കണം. സ്ഥലം സഭയിൽ ഇരുന്നിട്ട് സ്വതന്ത്ര ആത്മാവോടെ പ്രവർത്തിക്കാൻ ശ്രമിച്ചാൽ സഭാ ഇടയനും നിങ്ങളും തമ്മിൽ മാനസിക സംഘർഷം ഉാകും. എന്നാൽ അതേ സമയം വ്യക്തിപരമായി സുവിശേഷവേല ചെയ്ത് ആത്മാക്കളെ ആദായപ്പെടുത്തുന്നത് തെറ്റാണ് എന്ന് ഒരു ഇടയനും പറയാനും പാടില്ല.

### 8. കുടുംബമായി ഒരേ സഭയിൽ കടന്നു ചെല്ലുക

നിങ്ങൾ കുടുംബമായി ഒരേ സഭയിൽ അംഗമായിരിക്കുന്നതു ശ്രേഷ്ഠതരമാണ്. ഭർത്താവ് ഒരു സഭയിൽ, ഭാര്യ ഒരു സഭയിൽ, മക്കൾ വേറൊരു സഭയിൽ ഇങ്ങനെ കുടുംബാംഗങ്ങൾ വിവിധ സഭാംഗത്വ മുള്ളവരായിരിക്കുന്നത് ശരിയല്ല. കുടുംബമായി ചർച്ച ചെയ്ത് തീരുമാനമെടുക്കേത് പ്രധാനപ്പെട്ട കാര്യമാണ്. ഭാര്യയോ, ഭർത്താവോ മാനസാന്തരപ്പെടാതിരുന്നാൽ അതു വേറെ കാര്യം. കുടുംബം മുഴുവൻ വിശ്വാസത്താൽ ഒരേ ആത്മീയ സഭയിലായിരിക്കുന്നത് വളരെ നന്നായിരിക്കും.

## ബെരോവ ഭാഗം
## ഉപദേശങ്ങൾ പല തരം

ബെരോവ പട്ടണത്തിലുള്ളവർ വചനം പൂർണ്ണ ജാഗ്രതയോടെ കൈക്കൊതല്ലാതെ അത് അങ്ങനെ തന്നെയോ എന്ന് ദിനംപ്രതി തിരുവെഴുത്തുകളെ പരിശോധിച്ചു പോന്നു (അപ്പൊ. 17:11)

ഈ ഭാഗത്ത് പല തരത്തിലുള്ള ഉപദേശങ്ങളെക്കുറിച്ചെഴുതാനാ ഗ്രഹിക്കുന്നു.

ജീവിതകാലം മുഴുവൻ സഭാരാധനയിൽ സംബന്ധിച്ചാലും ശരിയും തെറ്റുമായ ഉപദേശമേതാണെന്ന് മനസ്സിലാകാത്ത വിശ്വാസികളുടെ കൂട്ടം ധാരാളം ഉ്. വചനത്തിൽ ആഴമായ അറിവുള്ള ഒരാൾക്ക് ഇത് പെട്ടെന്ന് മനസ്സിലാക്കാൻ സാധിക്കും. ആത്മീകരെന്നഭിമാനിക്കുന്നവർപോലും ചിലപ്പോൾ വചനത്തിന്റെ അർത്ഥം ശരിയായി ഗ്രഹിക്കാതിരിക്കുന്നത് വേദനാജനകമാണ്. ചിലർ ആത്മാവിൽ നിറഞ്ഞ് പ്രാർത്ഥിച്ച് പരിശീലിച്ചിട്ടു്. എന്നാൽ ദൈവസന്നിധിയിൽ ഇരുന്നു വചനം ധ്യാനിക്കുവാൻ പഠിച്ചിട്ടില്ല.

## തെറ്റായ ഉപദേശങ്ങൾ രൂപം കൊള്ളുന്നത് എങ്ങനെ

1. വേദവാക്യങ്ങളെ തെറ്റായ രീതിയിൽ മനസ്സിലാക്കി കൊ് അതിനു തക്കവണ്ണം ഉപദേശിക്കുന്നു.
2. തങ്ങളുടെ സ്വയ ആശയത്തിനു തക്കവണ്ണം വചനങ്ങളെ തിരഞ്ഞെടുത്ത് ഉപദേശമാക്കുന്നു.
3. ദൈവവചനങ്ങളുടെ അടിസ്ഥാന ഉപദേശം ഗണ്യമാക്കാതെ ഒരു പ്രത്യേക വചനത്തെ മാത്രം എടുത്തിട്ട് അതിനെ പഠിപ്പിക്കുന്നു.
4. സ്വപ്നങ്ങൾ, ദർശനങ്ങൾ, പ്രവചനങ്ങൾ, വെളിപാട് ഇവയെ തങ്ങളുടെ ഉപദേശങ്ങൾക്ക് അടിസ്ഥാനമാക്കുന്നു.
5. തങ്ങളുടെ വ്യക്തിപരമായ അനുഭവങ്ങളെ ദൈവവചനം പോലെ പഠിപ്പിക്കുന്നു. തെറ്റായി പഠിപ്പിക്കുന്നവർ ആരും തെറ്റുകാരല്ല.

ദൈവത്താൽ അതിശക്തമായി ഉപയോഗപ്പെടുത്തപ്പെടുന്ന പ്രാസംഗികന്മാരും ആത്മീയ വിഷയങ്ങളെ തെറ്റായി ഉപദേശിക്കുന്ന ആപത്തും ഉ്. ഒരു വ്യക്തിയിൽക്കൂടി അത്ഭുതങ്ങളും അടയാളങ്ങളും നടക്കുമ്പോൾ അയാൾ പറയുന്ന ഉപദേശം എല്ലാം ശരി എന്ന അഭിപ്രായം വന്നു ചേരാനിടയു്.

ഒരാൾ പരിശുദ്ധാത്മാവിനാൽ പ്രവചനം വെളിപാട് എന്നീ വരങ്ങളുള്ള വേലക്കാരനായിരുന്നാൽ ആ വ്യക്തി പറയുന്നതെല്ലാം ശരി എന്നു വിശ്വസിക്കുന്ന ധാരാളം ആൾക്കാർ ഉ്. ഒരു, വ്യക്തിയെ കർത്താവിൽ പ്രയോജനപ്പെടുത്തുന്നതുകൊു, ആ വ്യക്തി ശരിയായ ഉപദേശം ഉള്ള വ്യക്തി എന്നുപറയുക സാദ്ധ്യമല്ല. ഇതു അനേകർക്കു അത്ഭുതവും ഞെട്ടലും ഉളവാക്കും. എന്നാൽ അതു സത്യം.

സഭാചരിത്രത്തിൽ നിന്നും ഇന്നുള്ള അനുഭവങ്ങളിൽ നിന്നും ഇതിനെ വ്യക്തമായി അറിയാൻ കഴിയും. ഒരാൾ ദൈവസന്നിധിയിൽ സ്വയം സമർപ്പിച്ചു കാത്തിരുന്നു പ്രാർത്ഥിക്കുമ്പോൾ ദൈവം അവനെ കൃപയായി പ്രയോജനപ്പെടുത്താൻ തുടങ്ങുന്നു. പക്ഷേ ഇദ്ദേഹം വചനം ശരിയായി അറിഞ്ഞതുകൊല്ല, ദൈവം അവനെ ഉപയോഗിക്കുന്നത് എന്നു മനസ്സിലാക്കണം. ചില ഉദാഹരണങ്ങളിൽക്കൂടി ഇതിനെ തെളിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. തുടർന്നു വായിക്കുവിൻ.

ആദ്യമായി തെറ്റായ ഉപദേശങ്ങൾ എങ്ങനെ ഉായി എന്നതിനു ഞാൻ കൊടുത്തിട്ടുള്ള വസ്തുതകൾ ഉദാഹരണസഹിതം തെളിയിക്കാം. പിന്നീട് തെറ്റായി ഉപദേശിക്കുന്നവരെക്കുറിച്ചു സഭാചരിത്രത്തിൽ നിന്നും ഈ കാലഘട്ടത്തിൽ നിന്നും ഞാൻ തെളിയിക്കാം.

ദൈവവചനം തെറ്റായി മനസ്സിലാക്കി അതിനു തക്കവണ്ണം ഉപദേശിക്കുന്നത്

ഉദാ: പൗലോസിൻെറ ഭാര്യയാണു ശീലാസ്

പൗലോസും ശീലാസും ജയിലിലായിരുന്നപ്പോൾ ജനിച്ചതാണ്ഒനേസിമോസ്. എന്തെന്നാൽ ഫിലമോൻ 1:1 –ൽ "ബന്ധനത്തിലായിരുന്നപ്പോൾ ഞാൻ ജനിപ്പിച്ച മകനാണ് ഒനേസിമോസ്" എന്നു പൗലോസ്സൂചിപ്പിക്കുന്നു. പൗലോസിന്റെ അടുത്ത മകൻ തിമോഥെയോസ് എന്നു ചിലർ പറയുന്നു. "എന്തെന്നാൽ എന്റെ പുത്രനായ തിമോഥെയോസേ'' എന്നു പലപ്രാവശ്യം സൂചിപ്പിക്കുന്നു. ഇപ്രകാരം ഉപദേശിക്കുന്നവരും ഉ്. ശീലാസ് ഒരു പുരുഷൻ; അവൻ പൗലോസിന്റെ കൂട്ടുവേലക്കാരൻ എന്നതും ഒനേസിമോസ് തിമൊഥെയോസ്എന്നിവർ പൗലോസിൻെറ സുവിശേഷ ഘോഷണം വഴിയായി ക്രിസ്തുവിൽ ജനിപ്പിച്ച ആത്മീയ മക്കൾ എന്നുമുള്ള വിവരം. വചനം അറിയാവുന്നവർക്ക് ഇത് മനസ്സിലാകും.

അന്തി–ക്രിസ്തു. അന്തിയെന്നാൽ സന്ധ്യാസമയം (വൈകുന്നേരം). അവസാന കാലത്തിൽ എഴുന്നേൽക്കുന്ന ക്രിസ്തു എന്നും ഉപദേശിക്കുന്നവർ ഉ്. ഇംഗ്ലീഷിൽ Anti-Christ എന്നാണു പറയുന്നത് ഇതിനെ അങ്ങനെ മലയാളത്തിലും തമിഴിലും അന്തിക്രിസ്തു എന്നു തർജ്ജമ ചെയ്തിട്ടു്. ക്രിസ്തുവിനു എതിരായവർ എന്നാണു ഇതിനർത്ഥം.

തങ്ങളുടെ സ്വന്ത ആശയത്തെ ഊന്നിപ്പറയാൻ വേി അതിനു യോജിച്ച വചനങ്ങളെ തിരഞ്ഞെടുത്തു ഉപദേശിക്കുന്നു.

ഉദാ: കുടുംബജീവിതം, ദാമ്പത്യബന്ധം എന്നിവ തെറ്റ്എന്ന അഭിപ്രായമുള്ളവർ ആദമും ഹവ്വയും നന്മ തിന്മ തിരിച്ചറിയുന്ന വൃക്ഷത്തിൻെറ പഴം തിന്നു എന്നത് ശാരീരിക ബന്ധത്തെ സൂചിപ്പിക്കുന്നു എന്ന് പഠിപ്പിക്കുന്നു. 'നിങ്ങൾ സന്താന പുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറയുവിൻ' എന്നു പറഞ്ഞു യഹോവ അവരെ അനുഗ്രഹിച്ചതായി ഉൽപ. 1:28–ൽ പറയുന്നു. ഇവരുടെ കണ്ണുകളിൽ ആ വചനം മറഞ്ഞിരുന്നു. പറിച്ചു, തിന്നു, പുരുഷനു കൊടുത്തു എന്നീ കാര്യങ്ങൾക്കും ദാമ്പത്യ ബന്ധത്തിനും തമ്മിൽ എന്തു ബന്ധം. ഒന്നും ഇല്ല തന്നെ.

സഭാ ആരാധനകളിൽ പങ്കെടുക്കേ എന്ന അഭിപ്രായമുള്ളവർ 1 യോഹ. 2:27 കാണിക്കും "ആരും നിങ്ങളെ ഉപദേശിപ്പാൻ ആവശ്യമില്ല. അവൻെറ അഭിഷേകം തന്നെ നിങ്ങൾക്കു സകലവും ഉപദേശിക്കുന്നത്" എന്ന വചനത്തെ എടുത്തു, പറഞ്ഞ് ആളുകളുടെ ശ്രദ്ധയെ തിരിക്കുന്നു. ആകാശത്തെയും ഭൂമിയെയും സൃഷ്ടിച്ച യേശുതന്നെ, അതേ അഭിഷേക നാഥൻ തന്നെ മുടങ്ങാതെ ആഴ്ചതോറും ദൈവാലയത്തിൽ പോയിരുന്നു എന്ന് വേദപുസ്തകം പറയുന്നു. അഭിഷേകം പ്രാപിച്ചവൻ മറ്റ് ആരും പ്രേരിപ്പിക്കാതെ തന്നെ മുട ങ്ങാതെ ചിട്ടയായി ആരാധനയ്ക്കു പോകും. അവനു ലഭിച്ച അഭിഷേകം ശരിയായിരുന്നാൽ ആ പരിശുദ്ധാത്മാവ് ആരാധനയ്ക്കു പോകാൻ പ്രേരിപ്പിക്കയല്ലാതെ പോകരുതെന്ന്ഉപദേശിക്കുകയില്ല.

ദൈവവചനത്തിന്റെ ഒരു വശംമാത്രം അശ്രദ്ധമായി വായിക്കുന്ന ഒരാൾക്ക്ഒരു ഉപദേശത്തെ ഉറപ്പിക്കാൻ സാധിക്കുമോ? ഉദാഹരണമായി ഉൽപ. 41:44–ൽ ഫറവോൻ യോസേഫിനെ നോക്കി മിസ്രയീമിലുള്ളവരിൽ ആരും നിന്റെ കല്പന കൂടാതെ തങ്ങളുടെ കയ്യെങ്കിലും, കാലെങ്കിലും അനക്കരുതു – എന്നു പറഞ്ഞു 1 കൊരി 7:1–ൽ സ്ത്രീയെ തൊടാതിരിക്കുന്നത് പുരുഷന് നല്ലത്. യാക്കൊ. 3:1 അധികം ശിക്ഷാവിധി വരും എന്നറിഞ്ഞു നിങ്ങളിൽ അനേകർ ഉപദേഷ്ടാക്കന്മാർ ആകരുത്. ലൂക്ക. 16:28–ൽ ഈ അനിതിയുള്ള കാര്യവിചാരകനെ യജമാനൻ പുകഴ്ത്തി. ഇതുപോലെ നൂറുകണക്കിനു വചനങ്ങൾ ു. ഒരു വചനത്തെ മാത്രം ആധാരമാക്കി ഉപദേശിപ്പാൻ ഒരുങ്ങരുത്.

ഇന്നുള്ള തെറ്റായ ഉപദേശങ്ങളെ പരിശോധിക്കുന്നതിനു മുൻപ് സഭാചരിത്രത്തിൽ കാണുന്ന ചില തെറ്റായ ഉപദേശങ്ങൾ നോക്കാം.

**1. എബിയോണൈഡ്സ് (ര ാം നൂറ്റാ്)**

യഹൂദ ക്രിസ്ത്യാനികൾ, ക്രിസ്തുവിലുള്ള വിശ്വാസം മാത്രം പോരാ യഹൂദന്യായപ്രമാണം കൂടെ സ്വീകരിക്കണമെന്നു ഉപദേശിക്കുന്നു. യേശുക്രിസ്തുവിനു ദൈവീകത്വമില്ലെന്നും തന്റെ സ്നാനത്തിനു ശേഷം പരിശുദ്ധാത്മാവിൽ നിറഞ്ഞപ്പോൾ പ്രകൃതിക്കതീതമായ ശക്തി ലഭിച്ചുവത്രെ എന്നും ഉപദേശിച്ചു.

**2. ഏരിയനിസം (എ.ഡി. 2, 3 നൂറ്റ്)**

**7. നാസ്റ്റിസം (തത്വചിന്തകൾ)**

ഇതിൽ മൂന്നു തരക്കാരുു.

1. യേശു മനുഷ്യനെപ്പോലെ കാണപ്പെട്ടു എന്നാൽ മനുഷ്യനല്ല.
2. യേശുവിൻെറ ശരീരം സാധാരണ ശരീരമല്ല.
3. യേശു മനുഷ്യൻ – ക്രിസ്തു ആത്മാവ് യേശു സ്നാനം സ്വീകരിച്ചപ്പോൾ അവന്റെ മേൽ ക്രിസ്തു ഇറങ്ങി. യേശു ക്രൂശിക്കപ്പെട്ടപ്പോൾ ക്രിസ്തു മറഞ്ഞു.

മുകളിൽ പറഞ്ഞ ഉപദേശങ്ങളിൽ ചിലത് നിങ്ങൾക്ക് തെറ്റാണെന്ന് അറിയില്ലായിരിക്കാം. എന്നാൽ ഈ തെറ്റായ ഉപദേശങ്ങളെ പഠിപ്പിച്ചവർ വിശുദ്ധന്മാർ തന്നെ. എന്നാൽ വേദവാക്യങ്ങൾ ശരിയായി പരിശോധിക്കാതെ തങ്ങളുടെ അഭിപ്രായങ്ങളെ ഉപദേശങ്ങളായി പഠിപ്പിച്ചു. ഇവർ ആ നാളിൽ ശാസിക്കപ്പെട്ടു. ചിലരെ സഭയുടെ പുറത്താക്കി. ദൈവവചനത്തിൽ ആഴമായ അറിവില്ലാത്ത വിശുദ്ധന്മാരും ഉ ് എന്നത് ഇതിൽ നിന്നും മനസ്സിലാക്കാം. വേദശാസ്ത്രജ്ഞന്മാരുടെ സ്ഥിതി ഇതാണെങ്കിൽ സാധാരണ വിശ്വാസികളുടെ സ്ഥിതി എന്താകും.

ഞാൻ ഇതിൽ എഴുതുന്ന കാര്യങ്ങൾ വായിക്കുന്ന വിശ്വാസികളും ഇടയന്മാരും, ഉപദേശികളും, പ്രാസംഗികരും വേദവാക്യങ്ങളുമായി ഇവയെ താരതമ്യപ്പെടുത്തി നോക്കുവിൻ. വചനത്തിനെതിരായി ഞാനോ അല്ലെങ്കിൽ സ്വർഗത്തിൽ നിന്നും വരുന്ന ദൈവദൂതൻ പറഞ്ഞാലും സ്വീകരിക്കേ. വിശ്വാസികളേ, നിങ്ങൾ കേൾക്കുന്ന ഉപദേശങ്ങൾ വചനാടിസ്ഥാനത്തിലുള്ളവയാണോയെന്ന് നിശ്ചയപ്പെടുത്തേ തത്യാവശ്യമാണ്.

ദൈവകരങ്ങളിൽ ഉപയോഗിക്കപ്പെടുന്ന ദൈവവേലക്കാരേ, നിങ്ങളുടെ ഉപദേശങ്ങളെക്കുറിച്ച് നിങ്ങൾ ജാഗ്രതയോടിരിപ്പിൻ. നിങ്ങൾ ശരിയായി ഗ്രഹിക്കാതെ

ഉപദേശിക്കുന്നതിനാൽ ആയിരങ്ങൾ തെറ്റായ ഉപദേശങ്ങളിൽ വഴി നടത്തപ്പെടുന്നു എന്നുള്ള കാര്യം നിങ്ങൾ മനസ്സിലാക്കണം. നിങ്ങളുടെ സ്വന്ത ആശയം വ്യത്യാസപ്പെട്ട തായിരിക്കാം. പക്ഷെ അതു ഉപദേശമാകുന്നില്ല. അതുപോലെ നിങ്ങളുടെ വിശ്വാസം മറ്റുള്ളവരിൽ നിന്നു വേർപെട്ടതായിരിക്കാം. പക്ഷെ അതു നിങ്ങളുടെ വ്യക്തിപരമായ കാര്യം. അതിനെ ദയവായി ഉപദേശം ആക്കാതിരിപ്പിൻ, എല്ലാവരും ഉദേശിക്കുന്നത് ദൈവവചനങ്ങളിൽ നിന്നുതന്നെയാണ്. എന്നാൽ ആ വചനത്തെ അവർ എങ്ങനെ ഗ്രഹിച്ചു എന്നുള്ള അടിസ്ഥാനത്തിലായിരിക്കും അവരുടെ ഉപദേശം. വേദത്തെ അറിഞ്ഞ മനുഷ്യൻ എല്ലാം പരിശോധിച്ച്അറിഞ്ഞു ശാന്തമായി പ്രവർത്തിക്കും. എന്റെ ആശയം തീരുമാനമല്ല. വേദപുസ്തകമാണ് പൂർണ്ണമായതും പരിപൂർണ്ണമായതും. ദൈവവചനത്തെ മുറുകെപ്പിടിക്കുക. നീ വീണുപോകയില്ല.

## ആധുനീക കാലത്തിൽ രൂപം കൊുവരുന്ന ചില ഉപദേശങ്ങളെക്കുറിച്ചു പഠിക്കാം.

**യഹോവാ സാക്ഷികൾ:-**

ലോകമെമ്പാടും വ്യാപിച്ചുവരുന്ന ഈ ആശയത്തെക്കുറിച്ച് നാം അറിയുന്നത് നല്ലതാണ്. ഈ പ്രസ്ഥാനത്തിന്റെ അദ്ധ്യക്ഷന്മാർ മൂന്നു, പേരാണ്

**(1) ചാൾസ്ടാസ്റസ്സൽ (Charles Taze Russel 1852-1916).**

ഈ പ്രസ്ഥാനത്തിന്റെ സ്ഥാപകനാണ് ഇദ്ദേഹം. 1852 ഫെബ്രുവരി 16-ന് അമേരിക്കയിൽ ജനിച്ചു. ഇദ്ദേഹത്തിന്റെ പിതാവ് ഒരു, തുണിക്കട ഉടമയായിരുന്നു. ഇദ്ദേഹം കോൺഗ്രിഗേഷനൽ സഭാംഗമായിരുന്നു. സഭയിലുായിരുന്ന വിശ്വാസപ്രമാണങ്ങളിൽ ചിലതിനെ കുറിച്ച് റസ്സലിന് സംശയമുായി. പ്രതേകിച്ചും നിത്യനരകത്തെക്കുറിച്ചായി രുന്നു സംശയം. അതിനാൽ അദ്ദേഹം മറ്റുപദേശങ്ങളെക്കുറിച്ച് പഠിക്കാൻ തുടങ്ങി. പിന്നീട്വേദപുസ്തകം പഠിച്ചു. പ്രത്യേകിച്ച് ദാനിയേൽ, വെളിപാട്എന്നീ പുസ്തകങ്ങളെക്കുറിച്ചും ഗവേഷണം നടത്തി. വില്യം മില്ലർ എന്ന എഴുത്തുകാരനാൽ ആകർഷിക്കപ്പെട്ടു. തന്റെ പതിനെട്ടാമത്തെ വയസ്സിൽ പെൻസിൽ വേനിയ (USA) സംസ്ഥാനത്തിലെ ബീറ്റ്സ് ബർഗ് എന്ന നാട്ടിൽ ഒരു ബൈബിർ ക്ലാസ്സ്ആരംഭിച്ചു. പിന്നീട്അവരുടെ പട്ടക്കാരനായി. എ.ഡി. 1879-ൽ വാച്ച് ടവർ ബൈബിൾ ആന്റ് ട്രാക്റ്റ് സൊസൈറ്റി എന്ന സ്ഥാപനം ആരംഭിച്ചു. റസ്സൽ

പല സ്ഥലങ്ങളിലൂടെയും സഞ്ചരിച്ച് തന്റെ ഉപദേശങ്ങളെ പ്രചരിപ്പിക്കുകയും ധാരാളം പുസ്തകങ്ങൾ, എഴുതുകയും ചെയ്തു. 60 വർഷം കൊ് ഏകദേശം 2 കോടി കോപ്പികൾ വിറ്റഴിച്ചു. ഇദ്ദേഹം സഭയിലുള്ള മറ്റ് സ്ത്രീകളോട് തെറ്റായ ബന്ധം പുലർത്തിയിരുന്നു എന്ന് ഇദ്ദേഹത്തിന്റെ ഭാര്യ 1909–ൽ അഞ്ചുപ്രാവശ്യം കോടതിയിൽ പരാതിപ്പെട്ടു. അവസാനം വിവിഹമോചനം നേടി. 1916–ൽ റസ്സൽ മരിച്ചു.

**(2) ജോസഫ് ഫ്രാങ്ക്ളിൻ റൂതർഫോർഡ് (Joseph Franklin Rutherford 1869–1942)**

റസലിനുശേഷം 1917–ൽ ഇദ്ദേഹം ആ സ്ഥാപനത്തിന്റെ അദ്ധ്യക്ഷനായി. ആദ്യം ഒരു അഭിഭാഷകനും പിന്നീട് ജഡ്ജിയുമായിത്തീർന്ന ഇദ്ദേഹം 1906–ൽ ഈ പ്രസ്ഥാനത്തിൽ ചേർന്നു. 1931–ൽ ഈ പ്രസ്ഥാനത്തിന് യഹോവ സാക്ഷികൾ എന്ന പേര് കൈവന്നു. ഇതിന്റെ ആസ്ഥാനം ന്യൂയോർക്കിലാണ് . ഇദ്ദേഹവും ഈ പ്രസ്ഥാനത്തിന്റെ പുസ്തകങ്ങൾ കോടിക്കണക്കിനു, പ്രസിദ്ധീകരി ച്ചിട്ട്. റൂതർ ഫോർഡിന്റെ പുസ്തകങ്ങൾ 80 ഭാഷകളിൽ തർജ്ജമ ചെയ്തിട്ട്. ഏകദേശം 8000 മിഷണറികളെ വിദേശ രാജ്യങ്ങളിൽ അയച്ചിട്ടുന്നൊണ് പഴയ കണക്ക്. 1942–ൽ റൂതർ ഫോർഡ് കാലിഫോർണിയായിലെ സാൻഡിയാഗോ എന്നപട്ടണത്തിൽ വച്ച് മരിച്ചു.

**(3) നേത്തൻ നോർ (Nathan knore)**

1905 –ൽ ജനിച്ചു. റൂതർ ഫോർഡിനു ശേഷം ഇതിന്റെ അദ്ധ്യക്ഷനായി. വീടുതോറും ചെന്ന്. സാക്ഷി പറയുക എന്ന് നിബന്ധന വച്ചതു ഇദ്ദേഹത്തിൻെറ കാലത്താണ്. ഈ കാലത്ത്ഈ പ്രസ്ഥാനം; അതിവേഗം വളർന്നു. ഇനിയും യഹോവ സാക്ഷികൾ എന്നു പറഞ്ഞാലാരാണെന്നു നമുക്ക് ചിന്തിക്കാം:–

ഇവർ ക്രിസ്ത്യാനികളല്ല എന്ന് ആദ്യം തന്നെ നാം മനസ്സിലാക്കണം. യേശുക്രിസ്തു ജഡത്തിൽ വെളിപ്പെട്ട ദൈവം എന്നു വിശ്വസിക്കുന്നവരാണു ക്രിസ്ത്യാനികൾ. എന്നാൽ ഇവർ ഇത് അംഗീകരിക്കുന്നില്ല. ഇവരുടെ ഉപദേശങ്ങൾ എന്തെന്ന് ചുരുക്കമായി ചിന്തിക്കാം.

**യഹോവ സാക്ഷികളുടെ പ്രധാന ആശയങ്ങൾ**

യഹോവ തന്നെ ദൈവം. യേശുക്രിസ്തു യഹോവയാൽ സൃഷ്ടിക്കപ്പെട്ടവൻ.

ഇങ്ങനെ പറയുന്നതുമുഖാന്തരം ഇവർ യേശുക്രിസ്തുവിന്റെ ദൈവീകത്വത്തെ നിഷേധിക്കുന്നു.

ഇവർ ഇതിനുവേി തെറ്റായി ഉപയോഗപ്പെടുത്തുന്ന വേദവചനങ്ങൾ അഞ്ച്.

1. യോഹ. 14:28. പിതാവ്എന്നേക്കാൾ വലിയവനല്ലോ.
2. ലൂക്കോ. 18:18,19. എന്നെ നല്ലവൻ എന്ന് പറയുന്നതെന്ത് ദൈവം ഒരുവനല്ലാതെ നല്ലവനാരുമില്ല.
3. 1 കൊരി. 11:3 ക്രിസ്തുവിന്റെ തല ദൈവം (ക്രിസ്തുവിനു ദൈവം തലയായിരിക്കുന്നു – തമിഴ്വേദപുസ്തകം).
4. 1 കൊരി. 15:28. പുത്രൻ പിതാവിന് കീഴ്പ്പെട്ടിരിക്കുന്നു.
5. വെളി. 3:14. ദൈവസൃഷ്ടിയുടെ ആരംഭമായവൻ യേശു.
   കൊലൊ. 1:15 സർവസൃഷ്ടിക്കും ആദ്യജാതനും യേശു ആകുന്നു.

ഈ വചനങ്ങളിൽക്കുടി യേശുക്രിസ്തു, ദൈവത്താൽ സൃഷ്ടിക്കപ്പെട്ടു എന്നും ദൈവത്തിൽ നിന്നും താഴ്ന്നവനെന്നും അവർ വിശ്വസിക്കുന്നു. ഇത്തെറ്റായ ഉപദേശം ആണെന്നതാണ് നമ്മുടെ വിശ്വാസം. ഇതിനെക്കുറിച്ച് നമുക്ക് വിശദീകരിക്കാം.

**യേശുക്രിസ്തുവിനെക്കുറിച്ച്വേദപുസ്തകം എന്തുപറയുന്നു**

1. യെശ. 7:14, മത്താ. 1:23. കന്യക പ്രസവിച്ചവൻ ഇമ്മാനുവേൽ എന്ന് പേർ വിളിക്കും. ഇമ്മാനുവേൽ എന്നാൽ ദൈവം നമ്മോടു കൂടെയുള്ളവൻ.
2. യെശ. 9:6. നമുക്കൊരു, രക്ഷകൻ ജനിച്ചിരിക്കുന്നു. വീരനാം ദൈവം, നിത്യപിതാവ് , സമാധാന പ്രഭു എന്നെല്ലാം അവന് പേർ വിളിക്കപ്പെടും.
3. യോഹ. 1:1,2,14. ആദിയിൽ വചനമുായിരുന്നു. വചനം ജഡമായിത്തീർന്നു...... വചനം നമ്മുടെയിടയിൽ പാർത്തു.
4. യോഹ. 5:17,18. യേശു സ്വന്തപിതാവെന്നു പറഞ്ഞുകൊ് തന്നെത്താൻ ദൈവത്തോടു; സമമാക്കി.
5. യോഹ. 10:30. ഞാനും പിതാവും ഒന്നാകുന്നു.
6. യോഹ. 10:33. നീ മനുഷ്യനായിരിക്കെ നിന്നെ ത്തന്നെ ദൈവമാക്കി.
7. യോഹ. 14:9–11. എന്നെ കവൻ പിതാവിനെ കിരിക്കുന്നു.
8. യോഹ. 20:28. തോമസ്യേശുവിനെ നോക്കി, എന്റെ കർത്താവും എന്റെ ദൈവവും ആയുള്ളോവെ എന്നു പറഞ്ഞു.
9. കൊലോ. 1:15. അവൻ അദൃശ്യനായ ദൈവത്തിന്റെ പ്രതിമ.
10. കൊലോ. 2:9. അവനിലല്ലോ ദൈവത്തിന്റെ സർവ സമ്പൂർണ്ണതയും ദേഹരൂപമായ് വസിക്കുന്നത്

11. 1 തിമൊ. 3:16. അവൻ ജഡത്തിൽ വെളിപ്പെട്ടു.
12. എബ്രാ. 1:8. പുത്രനെ നോക്കി, ‘‘ദൈവമേ, നിന്റെ സിംഹാസനം എന്നെന്നേയ്ക്കുമുള്ളതു”.
13. 1 യോഹ. 5:20. യേശുക്രിസ്തു സത്യദൈവവും നിത്യജീവനും ആകുന്നു.

പുതിയ നിയമത്തിൽ യേശുക്രിസ്തു കർത്താവെന്ന്663 സ്ഥലങ്ങളിൽ കാണാം. കർത്താവ്എന്നതിനു, ഗ്രീക്കുഭാഷയിൽ കുറിയോസ് (kurios) എന്നാണു പറയുന്നത്. പുതിയ നിയമം ഗ്രീക്കുഭാഷ യിലാണെഴുതപ്പെട്ടതു. പഴയ നിയമം ഹീബ്രുഭാഷയിലുമാണ്. ഹീബ്രുഭാഷയിൽ വരുന്ന യഹോവ എന്ന പദവും ഗ്രീക്കുഭാഷയിൽ വരുന്ന കുറിയോസ്എന്ന പദവും ഒരേ അർത്ഥത്തിലാണ്കർത്താവ് എന്ന്തർജ്ജമ ചെയ്തിട്ടുള്ളത്.

**യേശുക്രിസ്തു ദൈവീകമനുഷ്യൻ**

യേശു ദൈവമാണെന്ന്പ്രതിപാദിക്കുന്ന ചില വാക്യങ്ങൾ ഇതാ.

യോഹ. 5:26 പിതാവിന്നു തന്നിൽ തന്നെ ജീവനുള്ളതുപോലെ അവൻ പുത്രന്നും തന്നിൽ തന്നെ ജീവനുള്ളവനാകുന്നു (അതായത് യേശുവിനെ ആരും സൃഷ്ടിച്ചിട്ടില്ല എന്നാണതിന്റെ അർത്ഥം).

യോഹ. 14:6 ഞാൻ തന്നെ ജീവൻ.

യോഹ. 1:4 അവനിൽ ജീവൻ ഉായിരുന്നു. ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു.

യോഹ. 10:18 എന്റെ ജീവനെ കൊടുപ്പാൻ എനിക്ക് അധികാരം ഉ്; വീും പ്രാപിപ്പാനും അധികാരം ഉ്.

സർവ്വവല്ലഭൻ സകലത്തേയും അറിയുന്നു. യേശുക്രിസ്തു സർവ്വവ്യാപി ആയവനും, മാറ്റമില്ലാത്തവനും, പാപമോചകൻ, സ്രഷ്ടാവ് എന്നീ ഗൂണങ്ങളുള്ളവനുമാണ്. ഇതിൽനിന്നും യേശുവിന്റെ ദൈവീക ത്വത്തെക്കുറിച്ച് അറിയാം.

**യേശുക്രിസ്തു സർവ്വവല്ലഭൻ**

മത്താ. 28:18 സ്വർഗ്ഗത്തിലും ഭൂമിയിലും സർവ്വ അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു.

വെളി. 1:18 യേശുക്രിസ്തു സർവ്വവല്ലഭത്വമുള്ള കർത്താവ്.

**യേശുക്രിസ്തു സകലത്തെയും അറിയുന്നു.**

യോഹ. 1:48. നഥനയേലിനെ നോക്കി, നീ അത്തിമരത്തിൻെറ ചുവട്ടിൽ ഇരിക്കുമ്പോൾ ഞാൻ നിന്നെ കു എന്നു പറഞ്ഞു.

യോഹ. 2:25 മനുഷ്യനിലമുള്ളതു എന്തു എന്നു സ്വതവെ അറിഞ്ഞിരിക്കുന്നു.

**യേശുക്രിസ്തു സർവവ്യാപിയായവൻ.**

മത്താ. 18:20 രോ, മൂന്നോ പേർ എൻെറ നാമത്തിൽ കൂടി വരുന്നേടത്തൊക്കെയും ഞാനവരുടെ നടുവിൽ ഉ് എന്നു പറയുന്നു.

മത്താ. 28:20 ഞാനോ: ലോകാവസാനത്തോളം എല്ലാ നാളം നിങ്ങളോടു കൂടെ ഉുഎന്നും അരുളിച്ചെയ്തു.

**യേശുക്രിസ്തു മാറ്റമില്ലാത്തവൻ**

എബ്രാ. 13:8 യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നെന്നേയ്ക്കും അനന്യൻ തന്നേ.

യേശുക്രിസ്തു പാപവിമോചകൻ

മർക്കൊ. 2:5–12 നിന്റെ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു.

**യേശുക്രിസ്തു സൃഷ്ടികർത്താവ്**

യോഹ. 1:3,10 സകലവും അവൻ (യേശുക്രിസ്തു) മുഖാന്തിരം ഉളവായി.

കൊലോ. 1:16 സകലവും അവൻ മുഖാന്തിരം സൃഷ്ടിക്കപ്പെട്ടു. അവൻ മുഖാന്തിരവും അവന്നായിട്ടും സകലവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു (എഫെ. 3:9, എബ്രാ. 1:2,10).

**യേശുക്രിസ്തുവിനെ നമസ്കരിച്ചു**

മത്താ. 8:2 കുഷ്ഠരോഗി യേശുക്രിസ്തുവിനെ നമസ്കരിച്ചു.

മത്താ. 9:18 പ്രമാണി യേശുക്രിസ്തുവിനെ നമസ്കരിച്ചു.

മത്താ. 14:33 പടകിലിരുന്നവർ അവനെ നമസ്കരിച്ചു.

മത്താ. 15:25 ഒരു സ്ത്രീ യേശുവിനെ നമസ്കരിച്ചു.

മത്താ. 20:20 സെബദി പുത്രന്മാരുടെ അമ്മ അവനെ (യേശു) നമസ്കരിച്ചു.

മത്താ. 28:9,17 ശിഷ്യന്മാർ അവന്റെ കാൽ പിടിച്ചു നമസ്കരിച്ചു.

നമ്മുടെ നാട്ടിൽ കല്ലിനെയും മണ്ണിനെയും മനുഷ്യരെയും നമസ്കരിക്കുന്നവർക്ക് ഇതു പുതിയതായി തോന്നുകയില്ല. യഹൂദന്മാർ ജീവൻ വിടേി വന്നാൽ പോലും ദൈവത്തെ അല്ലാതെ മറ്റൊന്നിനെയും നമസ്കരിക്കുകയില്ല എന്ന് നാം മനസ്സിലാക്കണം.

## ONLINE BANKING (NEFT)

**Name : M G E PUSHPARAJ**

**STATE BANK OF INDIA**

IFSC CODE - IFSC SBIN0001970 -10764116842 **A/C No: 10764116842**

SWIFT CODE - SBININBB300 **A/C No: 10764116842**

**CANARA BANK - SALEM** (SURAMANGALAM BRANCH)

IFSC CODE - IFSC CNRB0001219- 1219101013622. **A/C No: 1219101013622.**

SWIFT CODE - CNRB0001219 -1219101013622. **A/C No: 1219101013622.**

**JULY -2024**

# Printed Book (Periodical)

**RNI Reg. No. TNBIL/2016/70171**

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.